# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

സ്റ്റാൻഡേർഡ് – 6

# ഈശോയെ
# അനുഭവിച്ച ജനം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**ISOYE ANUBHAVICHA JANAM**
**(Malayalam)**

*Text Prepared & Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2009
Price : Rs. 15/-

# ആമുഖം

ആറാം ക്ലാസ്സിലെ കുട്ടികൾക്ക് വിശ്വാസപരിശീലനം നൽകുന്ന വ്യക്തിയാണ് നിങ്ങൾ. കേവലം പതിനൊന്നു വയസ്സ് പ്രായമുള്ള മാലാഖക്കുഞ്ഞുങ്ങളാണല്ലോ നിങ്ങളുടെ മുമ്പിലിരിക്കുന്നത്. സത്യവിശ്വാസത്തിന്റെ ബാലപാഠങ്ങൾ അവർക്ക് പകരേണ്ട ചുമതലയാണ് നിങ്ങൾക്കുള്ളത്. അതു നന്നായി നിർവ്വഹിക്കാൻ നിങ്ങൾക്കു കഴിയുമോ?

ഒന്നോർത്തുനോക്കൂ. ആറാം ക്ലാസ്സിൽ വച്ച് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ സൺഡേ സ്ക്കൂളിൽനിന്ന് പഠിച്ചത്. അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവ ഇന്നത്തെ കുട്ടികൾക്ക് നിങ്ങളും നൽകേണ്ടതല്ലേ? അക്കാലത്ത് നിങ്ങൾക്ക് ക്ലാസ്സിൽ നിന്ന് ലഭിച്ചിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയുണ്ടോ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും ലഭിക്കേണ്ടേ?

ഇനി ചോദ്യമൊന്നു മറിച്ചാകാം. പഠിച്ചിരുന്ന കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയതും മതബോധനത്തിൽ താൽപര്യം കുറയ്ക്കുന്നതുമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? അത്തരം അനുഭവങ്ങളൊന്നും നമ്മുടെ ക്ലാസ്സിലെ കുട്ടികൾക്ക് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതല്ലേ?

മറ്റൊരു കാര്യവും കൂടി ഓർമ്മിപ്പിക്കട്ടെ. കാലം മാറുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും താൽപര്യങ്ങളിലും പ്രവർത്തനങ്ങളിലുമൊക്കെ വലിയ മാറ്റങ്ങളുണ്ട്. അദ്ധ്യാപകരെന്ന നിലയിൽ അതു പരിഗണിക്കാതെ പറ്റില്ല. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. അതിനു സഹായിക്കുന്ന പാഠപുസ്തകം നിങ്ങളുടെ പക്കലുണ്ട്.

ഇപ്പോഴിതാ അദ്ധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ ആറാം ക്ലാസ്സിലെ അദ്ധ്യാപക സഹായിയും നിങ്ങളുടെ കൈകളിലെത്തിക്കഴിഞ്ഞു. കഴിവുകൾ വളർത്തിയും കുറവുകൾ നികത്തിയും നല്ലൊരു ടീച്ചറാകാൻ നിങ്ങൾക്കു കഴിയട്ടെ. അതിന് ഈ അദ്ധ്യാപക സഹായി നിങ്ങളെ സഹായിക്കും.

## അദ്ധ്യാപകസഹായി എന്ത്? എന്തിന്?

ഒരു അദ്ധ്യാപകസഹായി ടീച്ചറിന്റെ വഴികാട്ടിയാണ്. പാഠപുസ്തകത്തിന്റെ അനുബന്ധമാണ്. പാഠങ്ങളുടെ വ്യാഖ്യാനരൂപമാണ്.

പല വിധത്തിൽ ഇത് ടീച്ചറിന് സഹായമേകുന്നുണ്ട്.

- പാഠത്തിന്റെ ലക്ഷ്യം ഗ്രഹിക്കാൻ
- പാഠത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ
- പാഠസംബന്ധിയായ സംശയങ്ങൾ അകറ്റാൻ
- കുട്ടികൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- പഠനപ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ഉചിതമായ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടുപിടിക്കാൻ
- പാഠപുസ്തകത്തെ ശരിയായി ഉപയോഗപ്പെടുത്താൻ
- അധികവിവരങ്ങൾ ശേഖരിക്കാൻ
- സ്വന്തം അദ്ധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- പുതിയ പുസ്തകത്തിന്റെ സമീപനം ഉൾക്കൊള്ളാൻ
- പാഠപുസ്തകത്തിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ
- അദ്ധ്യാപന ശാസ്ത്രത്തിന്റെ പ്രഥമപാഠങ്ങൾ മനസ്സിലാക്കുവാൻ.

## മൂന്നു ചോദ്യങ്ങൾ

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം അറിഞ്ഞിരിക്കേണ്ടതാണ്.

## 1. വിശ്വാസപരിശീലനം എന്തെന്ന് അറിയുക

ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം ഇതാണ്. മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുന്നതിന് സഹായിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസത്തിന്റെ അറിവിലേയ്ക്കും അനുഭവത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുന്നതാണ് ശരിയായ വിശ്വാസപരിശീലനം.

"മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാണ് ടീച്ചറിനു വേണ്ടത്. ആറാം ക്ലാസ്സിൽ ഈശോയെ അനുഭവിച്ച ജനത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്. അതിലൂടെ ഈശോയുടെ സവിശേഷതകൾ അടുത്തറിയാനും അനുഭവിക്കാനും കുട്ടികൾക്ക് കഴിയണം. അതിന് ഉപകരിക്കുന്ന വിധത്തിൽ പാഠ്യവസ്തുതകൾ വ്യക്തമാക്കിക്കൊടുക്കാൻ ടീച്ചർ ശ്രദ്ധിക്കണം. എന്താണ് പഠിപ്പിക്കേണ്ടത് എന്നതിന്റെ ആന്തരാർത്ഥം ഇതാണ്.

എന്തു ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത് എന്നതിനും ടീച്ചറിന്റെ പക്കൽ വ്യക്തമായ ഉത്തരം ഉണ്ടായിരിക്കണം. പുതിയ ഇസ്രായേലിലെ അംഗമായ താൻ ദൈവഹിതം അനുസരിച്ച് ജീവിക്കേണ്ട വ്യക്തിയാണെന്ന അവബോധം ഓരോ കുട്ടിയിലും വളർത്തുകയാണ് ലക്ഷ്യമെന്ന് അറിഞ്ഞിരിക്കണം.

## 2. കുട്ടികളെ അറിയണം

നിങ്ങൾ പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണല്ലോ. രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം ഇതിലുണ്ട്. കുട്ടികളുടെ കാര്യത്തിൽ മൂന്നു സംഗതികൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

a) **പ്രായഭേദം :** കുട്ടികളുടെ പ്രായവ്യത്യാസം കണക്കിലെടുക്കണം. നിങ്ങളുടെ മുമ്പിലുള്ള കുട്ടികളുടെ പ്രായത്തോട് സംവാദിക്കാൻ കഴിയണം. മൂന്നിലും നാലിലും പഠിക്കുന്ന കുട്ടികളിൽനിന്ന് കുറെയൊക്കെ വ്യത്യസ്തരാണ് ആറാം ക്ലാസ്സുകാർ എന്നോർമ്മിക്കണം. പ്രായം കവിഞ്ഞ കുട്ടികൾ ക്ലാസ്സിലുണ്ടെങ്കിൽ അതും പരിഗണിക്കാൻ മറക്കരുത്. പ്രായത്തിനു ചേർന്ന വിധത്തിൽ ആത്മീയാഹാരം പകർന്നു കൊടുക്കാൻ വിശ്വാസപരിശീലകർക്കു കടമയുണ്ട്.

**b)** **ദേശഭേദം:** കുട്ടികൾ വളർന്നുവരുന്ന ദേശത്തിന്റെ അഥവാ പ്രാദേശികഘടനയുടെ സന്താനങ്ങൾ കൂടിയാണ്. പ്രദേശത്തിന്റെ പ്രത്യേകതകൾ അവരിൽ നിഴലിക്കും. ഗ്രാമത്തിലെ പതിനൊന്നു വയസ്സുകാരിയും നഗരത്തിലെ പതിനൊന്നുവയസ്സുകാരിയും ചിന്തയിലും പ്രവൃത്തിയിലും വ്യത്യസ്തത പുലർത്തുന്നവരാണ്. ഈ വ്യത്യാസം വിശ്വാസപരിശീലനത്തിലും പരിഗണിക്കേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങൾ നൽകുമ്പോഴും ചർച്ചകൾ സംഘടിപ്പിക്കുമ്പോഴും ഒക്കെ ദേശഭേദത്തിന് പ്രാധാന്യമുണ്ടെന്ന് ടീച്ചർ ഓർമ്മിക്കണം.

**c)** **കാലഭേദം:** അടുത്ത ഘടകം കാലത്തിന്റെ മാറ്റമാണ്. ടീച്ചർ കുട്ടിക്കാലം കഴിഞ്ഞുവന്ന വ്യക്തിയാണെങ്കിലും കുട്ടികളെ മനസ്സിലാക്കാൻ അതുമാത്രം പോരാ. കാരണം, കുട്ടികൾ വളരുന്നത് പുതിയ കാലത്താണ്. ഗതിവേഗം കൂടിയ ഇക്കാലത്ത് ജീവിക്കുന്ന കുട്ടികളുടെ പ്രത്യേകതകൾ ഗ്രഹിക്കാതെ ടീച്ചറിന് അവരെ നന്നായി പരിശീലിപ്പിക്കാൻ ആവില്ലെന്നോർക്കുക.

കുട്ടികളുടെ കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയൊക്കെ ടീച്ചർ അറിഞ്ഞിരിക്കണം. ചിരിക്കാനും കരയാനും സംസാരിക്കാനും കേൾക്കാനും കാണാനും ഓടാനും ചാടാനുമൊക്കെ കഴിവും ഉത്സാഹവുമുള്ളവരാണ് കുട്ടികൾ. അവ ഉപയോഗപ്പെടുത്താൻ കഴിയണം.

ഉദാഹരണമായി കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിക്കാം. നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ അവർ ചെയ്യും. അതൊന്നു കുറിച്ചുവച്ചാൽ ഇങ്ങനെയായിരിക്കില്ലേ?

- കഥ പറയും
- പാട്ടുപാടും
- ചോദ്യം ചോദിക്കും
- ഉത്തരം പറയും
- വിശേഷങ്ങൾ പങ്കുവയ്ക്കും
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കും
- ഭാവനാപരമായി ചിന്തിച്ചുപറയും
- സംഭവങ്ങൾ വിവരിക്കും
- പരാതികൾ പറയും
- നിർദ്ദേശങ്ങൾ ഉന്നയിക്കും

- ചിത്രം നോക്കി ആശയം പറയും...

ഇതെല്ലാം ചെയ്യാൻ അവസരമുള്ളതാണ് വിശ്വാസപരിശീലന വേദിയെങ്കിൽ കുട്ടികൾക്ക് ഇഷ്ടപ്പെടില്ലേ?

കളികൾ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. ഒത്തിരി കളിക്കുന്ന വരാണ് ആറാം ക്ലാസ്സിലെ കുട്ടികൾ. അതിലൂടെ നിരവധി കാര്യങ്ങൾ സാധിക്കുന്നുണ്ട്.

- നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നു
- നിയമങ്ങൾ അനുസരിക്കുന്നു
- നിയമം തെറ്റിച്ചാൽ തിരിച്ചറിയുന്നു
- തെറ്റുകൾ തിരുത്തുന്നു
- സന്തോഷവും സങ്കടവും പങ്കുവയ്ക്കുന്നു
- വികാരങ്ങൾ പ്രകടിപ്പിക്കുന്നു
- സംഘമായി പ്രവർത്തിക്കുന്നു
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടുന്നു.

ഇതെല്ലാം വിശ്വാസപരിശീലന ക്ലാസ്സിലും സംഭവിക്കുന്ന സംഗതി കളാണ്. ഇതിനെല്ലാം കഴിവുള്ളവരാണ് മുന്നിലിരിക്കുന്ന കുട്ടികളെന്ന തിരിച്ചറിവ് ടീച്ചറിനുണ്ടാവണം. കുട്ടികളെ ശരിയായി മനസ്സിലാക്കാൻ ടീച്ചറിന് സഹായകമായ പല മാർഗങ്ങളുണ്ട്. അവയിൽ ചിലത് താഴെ പ്പറയുന്നവയാണ്.

- ◆ കുട്ടികളുമായുള്ള ഇടപെടൽ
- ◆ സൂക്ഷ്മനിരീക്ഷണം
- ◆ ബാലമനഃശാസ്ത്രത്തിലുള്ള അറിവ്
- ◆ കുട്ടികളെ സംബന്ധിക്കുന്ന പുസ്തകങ്ങളുടെ വായന

## 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം. ഇത്ത രമൊരു സാഹചര്യത്തിൽ പുത്തൻ പഠനരീതികൾ കുട്ടികൾക്കു നൽകണം. അദ്ധ്യാപനത്തിന് പുതിയ മാർഗങ്ങൾ സ്വീകരിക്കണം. മുൻപ് കണ്ടതുപോലെ കുട്ടികളുടെ നാനാതരം കഴിവുകൾ ഉപയോ ഗപ്പെടുത്തുന്ന പഠനസമ്പ്രദായം ആവശ്യമാണ്. പ്രവർത്തനങ്ങൾ ക്കുള്ള അവസരം കുട്ടികൾക്ക് ആവോളം നൽകണം.

കേൾക്കാൻ മാത്രമല്ല, പറയാനും എഴുതാനും കാണാനും ചെയ്യാനും പറ്റിയ നിരവധി അവസരങ്ങൾ പാഠപുസ്തകം പ്രദാനം

ചെയ്യുന്നു. ലളിതമായ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ ഓരോരോ അംശങ്ങൾ സ്വായത്തമാക്കാൻ കുട്ടികളെ സഹായിക്കുന്നു. അവ യൊന്നും നിസ്സാരങ്ങളല്ലതാനും. അതിനാൽ പുതിയ ബോധനരീതി കൾ ഗ്രഹിക്കാൻ ടീച്ചർ തയ്യാറാവേണ്ടതാണ്.

## പഠനപ്രവർത്തനങ്ങൾ

വിശ്വാസപരിശീലന ക്ലാസ്സിൽ പ്രവർത്തനങ്ങളിലൂടെയാണ് പഠനം നടക്കേണ്ടത്. എന്നാൽ ശരിയായ പഠനപ്രവർത്തനങ്ങൾക്ക് ചില സവിശേഷതകൾ ഉണ്ടായേ മതിയാവൂ. ആ സവിശേഷതകൾ എന്തൊക്കെയാണെന്നു നോക്കാം.

- ഒരു ലക്ഷ്യത്തെ മുൻനിർത്തിയുള്ളത്
- കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് പ്രവർത്തനസ്വാതന്ത്ര്യം നൽകുന്നത്
- വിഷയവുമായി ബന്ധമുള്ളത്
- എല്ലാവർക്കും പങ്കാളിത്തമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്
- പ്രായോഗികമായി എളുപ്പമുള്ളത്.
- കുട്ടികളുടെ നിലവാരത്തിന് യോജിച്ചത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- തുടർപഠനത്തിന് അവസരമുള്ളത്
- ടീച്ചറിന് വിലയിരുത്താൻ കഴിയുന്നത്.

പാഠപുസ്തകത്തിലെയും അദ്ധ്യാപക സഹായിയിലേയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകാം. പുതിയ പ്രവർത്തനങ്ങൾ ടീച്ചർ കണ്ടെത്തി കൊടുക്കുകയുമാവാം. അപ്പോഴൊക്കെ ഇപ്പറഞ്ഞ സവിശേഷതകൾ ഓർത്തിരിക്കുന്നത് നല്ലതാണ്.

### ടീച്ചർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അത് തുടക്കത്തിലേ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽവച്ചു മാത്രം ചെയ്യട്ടെ. ഇക്കാര്യം ടീച്ചർ മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം.

3. അധികപ്രവർത്തനങ്ങൾ വീട്ടിൽ വച്ച് ചെയ്യുന്നതിനായി കുട്ടികൾക്കു നൽകാം. അതു വ്യക്തമായി പറഞ്ഞു കൊടുത്തു വിടണം. പിറ്റേ ആഴ്ചവരുമ്പോൾ ചെയ്തത് പരിശോധിക്കുകയും വേണം.

## പാഠത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ

വിശ്വാസപരിശീലനം, കുട്ടികളുടെ പ്രത്യേകതകൾ, പുതിയ പഠനരീതി എന്നിവയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കി. ഇനി പാഠങ്ങളിലേയ്ക്ക് വരികയാണ്. പാഠവിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുണ്ട്. അത് താഴെപ്പറയുന്ന വിധത്തിലാണ്.

### 1. ആമുഖം

പാഠത്തിന്റെ ഉള്ളടക്കം, സന്ദേശം, ഊന്നൽ കൊടുക്കേണ്ട പാഠ്യവസ്തുത എന്നിവയെക്കുറിച്ചുള്ള സംക്ഷിപ്തവിവരമാണ് ആമുഖത്തിൽ ചേർക്കുന്നത്. പാഠത്തെക്കുറിച്ച് ടീച്ചറിന് ഒരു കാഴ്ചപ്പാട് ഉണ്ടാകാൻ ഇതുപകരിക്കും.

### 2. കുട്ടികൾ സ്വന്തമാക്കേണ്ടത്

ഒരു പാഠത്തിലൂടെ കുട്ടികൾ നേടേണ്ട ഉദ്ദേശ്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു. അവയെ മൂന്നായി തിരിക്കാം.

a) ബോധ്യം

b) മനോഭാവം

c) ശീലം എന്നിവയാണവ. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും ശേഷം കുട്ടികളിൽ ഇവ അവശേഷിച്ചാലേ വിശ്വാസപരിശീലനം ഫലപ്രദമാവുകയുള്ളൂ.

### 3. ബോധനോപാധികൾ

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ടീച്ചർ അവയെല്ലാം മുൻകൂട്ടി ശേഖരിച്ച് ക്ലാസ്സിൽ കൊണ്ടുപോകണം. ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ ചാർട്ടുകൾ, കാർഡുകൾ, ഫ്ളാനൽ, ചിത്രങ്ങൾ എന്നിവയൊക്കെ ചിലപ്പോൾ ആവശ്യമായി വരും. വസ്തുക്കൾ മാത്രമല്ല, വസ്തുതകളും കൂടി ഉൾപ്പെടുന്നതാണ് ബോധനോപാധികൾ. ടീച്ചർ മനസ്സിൽ തയ്യാറാക്കി കൊണ്ടുപോകുന്ന ഒരു പഠനപ്രവർത്തനവും ബോധനോപാധികളുടെ പരിധിയിൽ വരുന്നതാണ് എന്നോർമ്മിക്കുക.

### 4. പാഠാവതരണം

ഓരോ പാഠവും കുട്ടികളുടെ മുന്നിൽ എങ്ങനെ അവതരിപ്പിക്കണമെന്ന് വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ചവതരിപ്പിക്കുന്ന കാലമൊക്കെ കടന്നുപോയി. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാൻ കഴിയണം. തുടരാനും അവസാനിപ്പിക്കാനും കഴിയണം. അതിനുള്ള സൂചനകളാണ് പാഠാവതരണത്തിൽ ചേർത്തിട്ടുള്ളത്. അവയേക്കാൾ മെച്ചമെന്നു തോന്നുന്നവ കണ്ടെത്തിയാൽ ഉപയോഗിക്കാവുന്നതാണ്. ഏറ്റവു മധികം ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠാവതരണമെന്ന് മറക്കരുത്.

### 5. പാഠബന്ധിതപ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഈ ഭാഗത്ത് ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. ടീച്ചറിനുള്ള സൂചനയായി എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടികളോട് നിഷ്കർഷിക്കണം.

### 6. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിൽ ഇല്ലാത്തതും പാഠങ്ങളോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണ് ഇവ. ഓരോന്നും ടീച്ചറിന്റെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നവയാണ്. സന്ദർഭത്തിന് ഇണങ്ങും വിധം ആവശ്യമുള്ളിടത്തോളം. ഉപയോഗിക്കുക. അധ്യാപകസഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. അനുബന്ധിത പ്രവർത്തങ്ങളെല്ലാം ടീച്ചറിന്റെ മനോഭാവത്തിനനുസൃതമായി ചെയ്യാനുള്ളതാണെന്ന് ഓർത്തിരിക്കുക.

## ഓരോ പാഠത്തിലും ഓർക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് ധാരണ. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠവസ്തുതകളും (Content) പ്രവർത്തനങ്ങളും (Activity) രണ്ടുദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമീകരിക്കുന്നതാണ് നല്ലത്.
2. പ്രവർത്തനങ്ങൾ പലതും ക്ലാസ്സിൽവച്ചുതന്നെ കുട്ടികൾ ചെയ്യേണ്ടതാണ്. രണ്ടു ദിവസങ്ങളിലായി ഒരു പാഠം പൂർത്തിയാക്കാൻ സമയം ലഭിക്കും. ഓരോ പ്രവർത്തനവും ചെയ്യാനുള്ള നിർദ്ദേശ

ങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാംദിവസം തന്നെ കുട്ടികളോട് പറഞ്ഞുവിടണം.

3. 'എന്റെ തീരുമാനം' എന്ന പേരിൽ കൊടുത്തിരിക്കുന്നവ കുട്ടികളിൽ രൂപപ്പെടേണ്ട ശീലം തന്നെയാണ്. ഓരോ പാഠത്തിലെയും തീരുമാനം എങ്ങനെ പ്രായോഗികമാക്കാമെന്നു വിശദമാക്കിക്കൊടുക്കണം. അത് അവരുടെ സ്വന്തം തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം

4. മിക്ക പാഠങ്ങളിലും കഥ പറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങൾ ഇതിനായി ഉപയോഗിക്കണം. ഇടയ്ക്ക് കഥപറയാൻ കുട്ടികൾക്കും അവസരം നൽകണം. താൽപര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.
   - വിശദാംശങ്ങൾ വിട്ടുകളയരുത്.
   - വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
   - കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷാശൈലിയും ഉപയോഗിക്കണം.
   - കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
   - കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴിഞ്ഞാൽ നന്ന്.
   - വിശ്വാസപരിശീലനക്ലാസ്സിന് ഉതകുന്ന കഥകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കണം.

5. കളികളുടെ സ്വഭാവമുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകാവുന്നതാണ്. അവ സംഘടിപ്പിക്കുമ്പോൾ ചില കാര്യങ്ങളിൽ ശ്രദ്ധിക്കണം.
   - ◆ ക്ലാസ്സിന്റെ അന്തരീക്ഷത്തിനു ചേർന്നവ തെരഞ്ഞെടുക്കണം.
   - ◆ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ മുൻകൂട്ടി തീരുമാനിക്കണം.
   - ◆ നിർദ്ദേശങ്ങൾ വ്യക്തമായി കൃത്യമായും നൽകണം.
   - ◆ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ നിഷ്കർഷിക്കണം.
   - ◆ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.

- നിർദ്ദേശങ്ങൾ പാലിക്കാത്തവരെ തിരുത്തണം.
- പ്രവർത്തനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.

## ഓർമ്മിക്കാൻ മൂന്ന് കാര്യങ്ങൾ കൂടി

1. ഈ അദ്ധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവം വായിക്കണം. ഓരോ പാഠവിശകലനവും മനസ്സിലാക്കണം. മുൻ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപക സഹായിയും വായിച്ചുനോക്കുന്നത് അദ്ധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.
2. ഓരോ പാഠവും പഠിപ്പിക്കുന്നതിനു മുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്ക് നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം. നന്നായി നടത്തുന്ന പാഠാസൂത്രണം, പാഠാവതരണം നന്നായി നിർവ്വഹിക്കാൻ ടീച്ചറിനെ പ്രാപ്തയാക്കുമെന്നതിൽ സംശയമില്ല.
3. പാഠാസൂത്രണത്തിൽ തീരുമാനിച്ച കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുപയോഗിച്ച് ക്ലാസ്സ് നയിക്കാം. ടീച്ചറിന് വ്യക്തിപരമായി സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. അതാണ് പാഠക്കുറിപ്പ്. ഓരോ പാഠത്തിനും പാഠക്കുറിപ്പ് എഴുതി ശീലിക്കുന്നത് കൂടുതൽ നന്നായി പാഠം ഒരുങ്ങാൻ ഇടവരും. പലയിടത്തുനിന്നായി ടീച്ചറിനു ലഭിക്കുന്ന അധികവിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും. ക്ലാസ്സിൽ ഉപയോഗിക്കാൻ പറ്റുന്ന കഥകൾ, പാട്ടുകൾ, ചിത്രങ്ങൾ എന്നിവയൊക്കെ ശേഖരിച്ചുവയ്ക്കാനും ഈ ബുക്ക് ഉപയോഗിക്കാം.

1

# പ്രവചനങ്ങൾ പൂർത്തിയാകുന്നു

## I. ആമുഖം

മംഗളവാർത്ത, ഈശോയുടെ ജനനം എന്നിവയാണ് ഈ പാഠം അവതരിപ്പിക്കുന്നത്. ക്രിസ്തുമസിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും ക്രിസ്തുമസിനോട് നമുക്കുണ്ടാവേണ്ട മനോഭാവവും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒരു ആഘോഷം എന്നതിൽക്കവിഞ്ഞ് ലോക രക്ഷകനായ ഈശോയെ വരവേൽക്കാനുള്ള അവസരമായി ക്രിസ്തുമസിനെ കുട്ടികൾക്കു മുമ്പിൽ അവതരിപ്പിക്കാൻ ഈ പാഠം ഉപകരിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- പ്രവചനങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട രക്ഷകനാണ് ഈശോ.
- മംഗളവാർത്ത - പിറവിക്കാലങ്ങളുടെ ചൈതന്യം അതനുസരിച്ച് ജീവിക്കാൻ സഹായിക്കുന്നവയാണ്.

### b) മനോഭാവം

- പുൽക്കൂട്ടിൽ പിറന്ന ഈശോയെ എന്റെ രക്ഷകനും നാഥനുമായി അംഗീകരിക്കണം.
- ഈശോയ്ക്ക് എല്ലായ്പോഴും ആരാധന സമർപ്പിക്കണം.

### c) ശീലം

- മാലാഖമാരുടെ മാധ്യസ്ഥം യാചിക്കും.
- ഉണ്ണീശോ വന്നു പിറക്കാൻ പാകത്തിൽ എന്റെ ഹൃദയം നിർമ്മലമായി സൂക്ഷിക്കാൻ പരിശ്രമിക്കും.

## III. ബോധനോപാധികൾ

ബൈബിൾ, വേദപാഠപുസ്തകം, കുർബ്ബാനപുസ്തകം, ക്രിസ്തുമസ് കാർഡുകൾ, ഈശോയുടെ ജനനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പ്ലക്കാർഡുകൾ, മാലാഖമാരുടെ ചിത്രങ്ങൾ, മാതാവിന്റെ ചിത്രങ്ങൾ.

## IV. പാഠാവതരണം

'ചിത്രവായന' എന്ന പ്രവർത്തനത്തിലൂടെ പാഠാവതരണം നടത്താം.

കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. എല്ലാ ഗ്രൂപ്പുകളിലും മാലാഖ മറിയത്തിന് മംഗളവാർത്ത നൽകുന്ന ചിത്രം പ്രദർശിപ്പിക്കുന്നു. ചിത്രത്തിന്റെ ആശയം കണ്ടെത്തി എഴുതാൻ ഗ്രൂപ്പുകൾക്ക് അവസരം നൽകുന്നു. തുടർന്ന് ഈ ഭാഗം ബൈബിളിൽനിന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു. നിശ്ചിതസമയത്തിനുള്ളിൽ പ്രവർത്തനം പൂർത്തിയാക്കുന്ന ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു.

ചിത്രവായനയിലൂടെ പാഠഭാഗത്തേക്കു പ്രവേശിക്കാം. പാഠത്തിലെ പ്രധാനാശയങ്ങൾ അവതരിപ്പിക്കുന്നതിനു സഹായിക്കുന്ന ചില പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

### a) പദസൂര്യൻ

ക്രിസ്തുമസുമായി ബന്ധപ്പെട്ട വാക്കുകൾ എഴുതി പദസൂര്യൻ നിർമ്മിക്കുക.

### b) റോൾ പ്ലേ

ജ്ഞാനികളുടെ സന്ദർശനം ബൈബിളിൽ നിന്ന് വായിക്കുക, അതിനെ ആസ്പദമാക്കി റോൾ പ്ലേ അവതരിപ്പിക്കുക.

### c) ജപമാല ചിത്രങ്ങൾ

സന്തോഷകരമായ ജപമാല രഹസ്യങ്ങൾ ചിത്രത്തിന്റെ സഹായത്തോടെ കണ്ടെത്താൻ അവസരം നൽകുക.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രാർത്ഥിക്കാം

കൈകൾ കൂപ്പി, ഭക്തിപൂർവ്വം പ്രാർത്ഥന ചൊല്ലാൻ അവസരം നൽകണം. ഗ്രൂപ്പിനോ കുട്ടിക്കോ മാറിമാറി അവസരം കൊടുത്താൽ മതി.

## നമുക്കു പാടാം

പാഠഭാഗത്തിന്റെ സന്ദേശം ഗാനരൂപത്തിലാക്കിയതാണ് പാടാൻ നൽകിയിരിക്കുന്നത്. തനിച്ചോ സംഘമായോ ഈണം കണ്ടെത്തി ആലപിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. ആവശ്യമെങ്കിൽ ടീച്ചർ സഹായിക്കുകയുമാവാം.

## ദൈവവചനം വായിക്കാം, വിവരിക്കാം

നിർദ്ദിഷ്ട ബൈബിൾഭാഗം വായിക്കാൻ ഒന്നാം ദിവസം ഗൃഹ പാഠം നൽകുന്നു. രണ്ടാംദിവസം ഈ ഭാഗത്തെ ആസ്പദമാക്കി പ്രശ്നോത്തരി നടത്തുന്നു. പോയിന്റ് നൽകുന്നു.

## വഴികാട്ടാൻ ഒരു തിരുവചനം

തന്നിരിക്കുന്ന വചനം വലിപ്പമുള്ള ഒരു കടലാസിലോ ചാർട്ടിലോ എഴുതിക്കൊണ്ടുവരാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. അവ സ്കെച്ചു പേനയും മറ്റും ഉപയോഗിച്ച് ആകർഷകമാക്കാം. അത് ക്ലാസ്സിൽ പ്രദർ ശിപ്പിക്കുക. സ്ഥിരമായി ഒട്ടിച്ചുവയ്ക്കുകയോ തൂക്കിയിടുകയോ ചെയ് താൽ ക്ലാസ്സിന് അലങ്കാരമാവും. കുട്ടികളുടെ മനസ്സിൽ വചനം പതിയുകയും ചെയ്യും

## നമുക്കു പ്രവർത്തിക്കാം

വളരെ ലളിതമായ പ്രവർത്തനമാണ് നൽകിയിരിക്കുന്നത്. അതു ചെയ്യാൻ കുട്ടികളോട് നിർദ്ദേശിക്കുക. പ്രയാസമുണ്ടെന്നു കണ്ടാൽ ടീച്ചർ കുട്ടികളെ സഹായിക്കണം

## എന്റെ തീരുമാനം

കുട്ടികളിൽ ശീലമായിത്തീരേണ്ട കാര്യമാണ് തീരുമാനമായി കൊടുത്തിരിക്കുന്നത്. അതു പാലിക്കാൻ പ്രേരിപ്പിക്കുക ശീലിക്കുന്നു ണ്ടോയെന്ന് പരിശോധിച്ചറിയുക. കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

## ഉത്തരം കണ്ടെത്താം

1. പേജ് 10 ഖണ്ഡിക 5
2. പേജ് 11 ഖണ്ഡിക 3
3. പേജ് 12 ഖണ്ഡിക 1
4. പേജ് 13 ഒന്നാംകോളം
5. പേജ് 13 ഖണ്ഡിക 2
6. പേജ് 13 ഖണ്ഡിക 2

(ഉത്തരം ഉൾക്കൊള്ളുന്ന പേജും ഖണ്ഡികയുമാണ് ചേർത്തിരിക്കുന്നത്. ഉത്തരമായി വരേണ്ട ഭാഗം മാത്രം കുട്ടികൾക്ക് പറഞ്ഞു കൊടുത്താൽ മതി.)

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## ഉത്തരമറിയാമോ?

പാഠപുസ്തകം തുറക്കാൻ കുട്ടികളെ അനുവദിക്കുന്നു. പാഠത്തിലെ ചില വാക്കുകൾ ഉത്തരമായി വരുന്ന ചെറുചോദ്യങ്ങൾ ചോദിക്കുന്നു. ശരിയുത്തരം പറയുന്നവർക്ക് പോയിന്റ് നൽകുന്നു.

## കരോൾഗാനം

"ശാന്തരാത്രി തിരുരാത്രി

പുൽക്കുടിലിൽ പൂത്തൊരു രാത്രി'

ഇതുപോലുള്ള കരോൾ ഗാനങ്ങൾ ഗ്രൂപ്പു തിരിഞ്ഞ് പാടി അവതരിപ്പിക്കാൻ ക്ലാസ്സിൽ അവസരം നൽകുന്നു.

## സുകൃതജപം എഴുതാം പറയാം

പുൽക്കൂട്ടിലെ ഉണ്ണിക്ക് കാഴ്ചവയ്ക്കാനായി സുകൃതജപങ്ങൾ എഴുതാം. ഓരോ ഗ്രൂപ്പുകാരും നിശ്ചിത എണ്ണം സുകൃതജപം എഴുതട്ടെ.

ഉദാ: എന്റെ ഉണ്ണീശോയെ, വേഗം വരണമേ.

എന്റെ ഉണ്ണീശോയെ, എന്റെ ഹൃദയം സ്നേഹത്താൽ നിറയ്ക്കണമേ.

## ചിത്രങ്ങൾ ശേഖരിക്കാം.

ഉണ്ണീശോയുടെ വ്യത്യസ്ത പ്രായത്തിലും രൂപത്തിലുമുള്ള ചിത്രങ്ങൾ ശേഖരിക്കാം. അവ ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

## 2

# ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

## I. ആമുഖം

പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഈശോ സ്നാപകയോഹന്നാനിൽനിന്ന് മാമ്മോദീസ സ്വീകരിക്കുന്നതാണ് ഈ പാഠത്തിലെ പ്രധാന ആശയം. യോഹന്നാൻ ഈശോയെ ലോകത്തിന് വെളിപ്പെടുത്തി. ലോകത്തിന്റെ പാപങ്ങൾ നീക്കാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടായ ഈശോ നമ്മുടെയും പാപങ്ങൾ ഏറ്റെടുക്കുന്നുവെന്ന ബോധ്യം കുട്ടികൾക്കു പകരാൻ ഈ പാഠം സഹായിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാണ്.
- ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് ഈശോ.
- ഈശോ ദൈവപുത്രനും ലോകത്തിന്റെ പ്രകാശവുമാണ്.

### b) മനോഭാവം

- സ്നാപകയോഹന്നാൻ ഈശോയെ ലോകത്തിനു പരിചയപ്പെടുത്തിയതുപോലെ ഞാനും മറ്റുള്ളവർക്ക് ഈശോയെ പരിചയപ്പെടുത്തണം.
- ലോകത്തിന്റെ പ്രകാശമായ ഈശോയിൽ നോക്കി എന്നും വഴിനടക്കണം.

- ◆ എന്റെ പാപങ്ങൾ കൂടി ഏറ്റെടുക്കാൻ വന്ന ഈശോയെ ഞാൻ സ്നേഹിക്കണം.

### c) ശീലം

- ◆ വീട്ടിലും വിദ്യാലയത്തിലും ഈശോയ്ക്ക് സാക്ഷ്യമേകി ജീവിക്കും.
- ◆ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈ്വക ദൈവത്തോട് പ്രഭാതത്തിലും പ്രദോഷത്തിലും പ്രാർത്ഥിക്കും.

## III. ബോധനോപാധികൾ

ഈശോ മാമ്മോദീസ സ്വീകരിക്കുന്ന ചിത്രം, പരിശുദ്ധത്രിത്വത്തിന്റെ ചിത്രം, വി. കുർബ്ബാനയുടെ ചിത്രം, ബൈബിൾ, ചാർട്ട്, കുർബ്ബാനപ്പുസ്തകം.

## IV. പാഠാവതരണം

'ചിത്രം വായിക്കാം; ക്രമത്തിലാക്കാം' എന്ന പ്രവർത്തനത്തിലൂടെ പാഠം അവതരിപ്പിക്കാം.

ഈശോ മാമ്മോദീസ സ്വീകരിക്കുന്ന ചിത്രം കുട്ടികളെ കാണിക്കുന്നു. ഗ്രൂപ്പുകളിൽ കുട്ടികൾ ചിത്രം നിരീക്ഷിച്ച് ആശയം കണ്ടെത്തുന്നു. തുടർന്ന് താഴെപ്പറയുന്ന വാക്യങ്ങളെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

- നീ എന്റെ അടുത്തേക്ക് വരുന്നുവോ
- അനേകർ വന്ന് സ്നാപകയോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിച്ചു
- ഇപ്പോൾ ഇതു സമ്മതിക്കുക.
- ദൈവപുത്രനായ ഈശോയും ആ കൂട്ടത്തിൽ വന്നുനിന്നു.
- സ്വർഗം തുറക്കപ്പെട്ടു.
- ഒരു സ്വരം സ്വർഗത്തിൽനിന്നു കേട്ടു.
- ഈശോ വെള്ളത്തിൽ നിന്നു കയറി.

ഓരോ ഗ്രൂപ്പുകാരും വാക്യങ്ങൾ വായിച്ച് അവ നടന്ന ക്രമത്തിലാക്കുന്നു. അവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഒടുവിൽ ബൈബിൾ നോക്കി, എഴുതിയത് ശരിയാണോയെന്ന് പരിശോധിക്കുന്നു.

പാഠത്തിലെ പ്രധാനാശയങ്ങൾ അവതരിപ്പിക്കുന്നതിന് താഴെച്ചേർക്കുന്ന പ്രവർത്തനങ്ങൾ ഉപയോഗിക്കാം.

### a) പ്രാർത്ഥന കണ്ടെത്താം

വിശുദ്ധ കുർബ്ബാനയിൽ പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള പ്രാർത്ഥനകൾ കണ്ടെത്തി വായിക്കുക.

### b) പ്രകാശത്തിന്റെ പാട്ടുകൾ

പ്രകാശം എന്ന ആശയമോ പദമോ വരുന്ന പാട്ടുകൾ ചിലത് ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

ഉദാ: 1) നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ

ചുറ്റിലുമിരുൾ പരന്നിടുന്ന വേളയിൽ....

2) വെളിച്ചം തരേണമേ

നിത്യമാം പ്രകാശമേ വെളിച്ചം തരേണമേ....

ഇത്തരം കൂടുതൽ പാട്ടുകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു. അവ ആലപിക്കാൻ അവസരം നൽകുന്നു. ആശയം പങ്കുവയ്ക്കുന്നു.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

നമുക്കു പ്രാർത്ഥിക്കാം, നമുക്കു പാടാം, ദൈവവചനം വായിക്കാം വിവരിക്കാം, വഴികാട്ടാൻ ഒരു തിരുവചനം, എന്റെ തീരുമാനം എന്നിവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഒന്നാമത്തെ പാഠത്തിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

### നമുക്കു പ്രവർത്തിക്കാം

നിർദ്ദിഷ്ട ബൈബിൾഭാഗം വായിച്ച് പേരുകൾ കണ്ടെത്തിയെഴുതാൻ നിർദ്ദേശിക്കുക. എഴുതിയത് പരിശോധിക്കുന്നത് കുട്ടികൾക്ക് പ്രോത്സാഹനമേകും.

### ഉത്തരം കണ്ടെത്താം

1. പേജ് 17 ഖണ്ഡിക 1
2. പേജ് 17 ഖണ്ഡിക 2

3. പേജ് 17 ഖണ്ഡിക 3

4. പേജ് 19 കോളം 1, 2

5. പേജ് 18 അവസാനവരി മുതൽ

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## വചനം കണ്ടെത്താം.

പ്രകാശത്തെക്കുറിച്ച് ബൈബിളിൽ അനേകം വചനങ്ങളുണ്ട്. അവ ഗ്രൂപ്പുതിരിഞ്ഞ് കണ്ടെത്താൻ അവസരം നൽകാം. കണ്ടെത്തിയ വചനങ്ങൾ ചാർട്ടിലെഴുതി ക്ലാസ്സിൽ തൂക്കിയിടാം.

## കുറിപ്പെഴുതാം

സ്നാപകയോഹന്നാന്റെ ചരിത്രം സുവിശേഷങ്ങളിൽനിന്ന് വായിച്ച്, അദ്ദേഹത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കാം. ടീച്ചർ ആവശ്യമായ സഹായം നൽകണം.

3

# പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ

## I. ആമുഖം

സാത്താൻ ഉയർത്തിയ പ്രലോഭനങ്ങളെ ഈശോ എങ്ങനെയാണ് അതിജീവിച്ചതെന്ന് ഈ പാഠം വിശദമാക്കുന്നു. വചനാധിഷ്ഠിത ജീവിതം, നോമ്പും ഉപവാസവും, പ്രാർത്ഥനാജീവിതം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവയൊക്കെ പ്രലോഭനങ്ങളെ നേരിടാൻ നമ്മെ സഹായിക്കുമെന്ന ബോധ്യം കുട്ടികൾക്ക് നൽകാൻ ഈ പാഠം ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ പ്രലോഭനങ്ങളെ അതിജീവിച്ചു.
- നോമ്പും പ്രാർത്ഥനയും ഉപവാസവും ദൈവവചനവും വഴി പ്രലോഭനങ്ങളെ ജയിക്കാം.
- ദൈവവചനം ഹൃദിസ്ഥമാക്കിയാൽ ജീവിതസാഹചര്യങ്ങളിൽ അത് പ്രയോജനപ്പെടുത്താം.

### b) മനോഭാവം

- പ്രലോഭനങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അവയെ നേരിടാൻ തയ്യാറായിരിക്കണം.
- പ്രാർത്ഥിച്ചും വചനം വായിച്ചും പ്രലോഭനങ്ങളെ നേരിടണം.

## c) ശീലം

- ദിവസവും വചനം പഠിക്കും.
- ഏറ്റവും ഇഷ്ടമുള്ള വിഭവങ്ങൾ മറ്റുള്ളവർക്കുകൂടി പങ്കിട്ട് ഭക്ഷിക്കും.
- വലിയ ആഗ്രഹമുള്ള കാര്യങ്ങളിൽ ആശയടക്കം പാലിക്കും.

# III. ബോധനോപാധികൾ

ബൈബിൾ, പാട്ടുപുസ്തകം, പരസ്നേഹപ്രവൃത്തികളുടെ ചിത്രങ്ങൾ, ചാർട്ടുകൾ

# IV. പാഠാവതരണം

ഒരു കഥയിലൂടെ പാഠാവതരണം നടത്താം. തെറ്റു ചെയ്യാനുള്ള പ്രലോഭനം ഉണ്ടാകുന്ന സാഹചര്യം വിവരിക്കുന്ന നിരവധി കഥകൾ നമുക്കു ചുറ്റുമുണ്ട്. മൃഗകഥകളിലും മറ്റും ഇവ നിരവധിയാണ്. ഉദാഹരണമായി കൂട്ടംവിട്ടുപോകരുതെന്ന് അമ്മ പറഞ്ഞിട്ടും അനുസരിക്കാതെ ദൂരേയ്ക്കു തനിച്ചുപോയ ആട്ടിൻകുട്ടിയുടെ കഥ പറയാം. ആട്ടിൻകുട്ടിയെ തനിച്ചു കണ്ടപ്പോൾ ചെന്നായ ആക്രമിക്കാൻ വന്നതും ഇടയൻ രക്ഷപ്പെടുത്തിയതും അവതരിപ്പിക്കാം. അമ്മയുടെ വാക്കു ധിക്കരിച്ച്, ചെന്നായയുടെ വാക്കു വിശ്വസിച്ച ആട്ടിൻകുട്ടി പ്രലോഭനത്തിൽ വീണത് ഹൃദയസ്പർശിയായി അവതരിപ്പിക്കാം. സാത്താന്റെ പ്രലോഭനത്തെ വിജയകരമായി നേരിട്ട ഈശോയിലേക്ക് കുട്ടികളെ നയിക്കാം.

പ്രധാനാശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മറ്റു ചില പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

## a) അനുഭവം പങ്കുവയ്ക്കാം

നോമ്പിന്റെ അനുഭവം കുട്ടികൾക്കുണ്ടാകും. അവർ നോമ്പ് പാലിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകണം. ടീച്ചർ അവയിലെ സന്ദേശം കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കണം.

## b) വചനഗാനകേളി

ബൈബിൾ വായനയ്ക്കു മുമ്പ് പാടാവുന്ന പാട്ടുകൾ ശേഖരിക്കാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഇവയുപയോഗിച്ച് ഗ്രൂപ്പു തിരിഞ്ഞ് വചനഗാനകേളി നടത്തുന്നു. നാലുവരി വീതം പാടിയാൽ മതി.

ഉദാ: 1. സുവിശേഷഗീതികൾ പാടാൻ

2. സുവിശേഷം ദൈവശക്തി
3. സുവിശേഷത്തിൻ ഗീതികൾ നാം
4. സുവിശേഷമവനിയിലരുളാൻ
5. വചനം ശ്രവിക്കുവാൻ കാതുകൾ തുറന്നിടാം
6. സുവിശേഷവെളിച്ചത്താൽ
7. ദൈവവചനം നിർമ്മലവചനം
8. ദൈവമേ നിൻ തിരുവചനങ്ങൾ

## c) ചിത്രം ശേഖരിക്കാം

പരസ്നേഹ പ്രവൃത്തികളുടെ ചിത്രങ്ങൾ വിവിധ പത്രമാസികകളിൽ നിന്ന് വെട്ടിയെടുത്ത് ശേഖരിക്കാൻ ആവശ്യപ്പെടാം. അവയ്ക്ക് അടിക്കുറിപ്പ് നൽകുകയുമാവാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

## നമുക്കു പ്രവർത്തിക്കാം

കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന ത്യാഗപ്രവൃത്തികളെക്കുറിച്ച് ചർച്ചചെയ്ത് ആദ്യമേ ഒരു ലിസ്റ്റ് തയ്യാറാക്കണം. അതിൽനിന്ന് ഓരോ കുട്ടിക്കും ചെയ്യാൻ താല്പര്യവും സൗകര്യവുമുള്ളവ തെരഞ്ഞെടുത്ത് എഴുതാൻ പ്രേരിപ്പിക്കണം. എഴുതുന്നവ പാലിക്കാനുള്ള പ്രചോദനവും നൽകണം.

## ഉത്തരം കണ്ടെത്താം

1. പേജ് 22 ഖണ്ഡിക 1 (മത്താ 4:4).
2. പേജ് 23 ഖണ്ഡിക 3

3. പേജ് 24 ഖണ്ഡിക 2

4. പേജ് 25 ഖണ്ഡിക 3

5. പേജ് 25 ഖണ്ഡിക 3

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## ചാർട്ടിലെഴുതാം

നോമ്പുകാലത്ത് കുട്ടികൾ ചെയ്യാൻ തീരുമാനിക്കുന്ന കാര്യങ്ങൾ വലിയൊരു ചാർട്ടിൽ എഴുതി ക്ലാസ്സിൽ സ്ഥാപിക്കുന്നു. അവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. പരസ്പരം പ്രോത്സാഹിപ്പിക്കുന്നു.

## വചനച്ചെപ്പ്

കുട്ടികൾ ചെറിയൊരു നോട്ടുബുക്കോ ഡയറിയോ വചനമെഴുതാൻ കൈവശം സൂക്ഷിക്കുന്നു. ഹൃദയത്തിൽ സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന വചനങ്ങൾ അതിലെഴുതുന്നു. വചനച്ചെപ്പ് ടീച്ചർ നിരീക്ഷിക്കുകയും അവയിൽനിന്ന് വചനം പറയാൻ അവസരം നൽകുകയും ചെയ്യുന്നു.

4

# ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്ന ഈശോ

## I. ആമുഖം

സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിക്കുന്ന ഈശോയുടെ വാക്കുകളും പ്രവൃത്തികളുമാണ് ഈ പാഠത്തിലെ ഉള്ളടക്കം. സമഗ്ര വിമോചകനായ ഈശോയെ ഇവിടെ പരിചയപ്പെടാം. അവിടുന്ന് അറിയിച്ച സുവിശേഷം ഏറ്റുവാങ്ങാനും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും കടപ്പെട്ടവരാണ് നാമെന്നുള്ള ചിന്തയിലേക്ക് കുട്ടികളെ നയിക്കാൻ ഈ പാഠം ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- മനുഷ്യരായ നമ്മെ എല്ലാവിധ ബന്ധനങ്ങളിൽനിന്ന് മോചിപ്പിക്കാൻ ഈശോ വന്നു.
- ഈശോയുടെ സുവിശേഷത്തിന്റെ സാരാംശം ദൈവരാജ്യമാണ്.
- ദൈവരാജ്യത്തിന്റെ സവിശേഷതകൾ സുവിശേഷങ്ങളിൽ വിവരിച്ചിട്ടുണ്ട്.

### b) മനോഭാവം

- സുവിശേഷ സന്ദേശത്തിന്റെ സാക്ഷികളാകാൻ നാം തയ്യാറായിരിക്കണം.
- സുവിശേഷസന്ദേശം സ്വീകരിച്ച് അതനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കണം.

### c) ശീലം

- ഈശോയെപ്പറ്റി ഞാൻ കൂട്ടുകാരോട് സംസാരിക്കും.
- എന്റെ കഴിവുകൾ ഞാൻ മറ്റുള്ളവരുമായി പങ്കുവയ്ക്കും.

## III. ബോധനോപാധികൾ

ബൈബിൾ, വിവിധ ചിത്രങ്ങൾ, പാട്ടുപുസ്തകം, ചാർട്ടുകൾ, പ്ലക്കാർഡുകൾ

## IV. പാഠാവതരണം

കഥാകഥനത്തിലൂടെ പാഠാവതരണം നടത്താം.

ഒരു വീടിന്റെ മുകളിലിരുന്ന് ആശാരി പണിചെയ്യുകയായിരുന്നു. ഇടയ്ക്ക് ഉളി താഴെ വീണു. അതുവഴി കടന്നുപോയ ആളുടെ മുന്നിലേക്ക് അമ്പതുപൈസ എറിഞ്ഞുകൊടുത്തു. അതെവിടെനിന്നു വീണു എന്നു നോക്കാതെ അയാൾ പൈസയുമെടുത്ത് നടന്നുപോയി.

രണ്ടാമത് വന്ന ആളുടെ മുന്നിലേക്ക് അഞ്ചുരൂപയുടെ തുട്ട് ആശാരി ഇട്ടു. അയാളും മുൻപിൻ നോക്കാതെ പൈസയുമെടുത്ത് യാത്രയായി. പിന്നാലെ വന്ന ആളുടെ ദേഹത്തേക്ക് ആശാരി ഒരു ചെറിയ തടിക്കഷണം ഇട്ടു. ദേഹം വേദനിച്ച അയാൾ മുകളിലേയ്ക്കു നോക്കി. ആശാരി ക്ഷമാപണത്തോടെ കാര്യം പറഞ്ഞു. വഴിപോക്കൻ ആശാരിയുടെ ഉളി എടുത്തുകൊടുത്തു.

ജീവിതത്തിലെ വേദനിക്കുന്ന അനുഭവം മുകളിലുള്ള ദൈവത്തെ നോക്കാനും അറിയാനും ഇടവരുത്തുന്നു. ഏറ്റവും ശരിയായി ദൈവത്തെ അറിയിക്കാനാണ് ഈശോ വന്നതും സുവിശേഷം അറിയിച്ചതുമെന്ന സന്ദേശത്തിലൂടെ പാഠഭാഗത്തേയ്ക്കു പ്രവേശിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) ചിത്രവായന

ഈശോയുടെ ദൗത്യത്തിലെ അഞ്ചു കാര്യങ്ങൾ അടങ്ങുന്ന വിവിധ ചിത്രങ്ങൾ കുട്ടികളെ കാണിക്കുന്നു. അവയെക്കുറിച്ച് വിശദീകരിക്കുവാൻ അവസരം നൽകുന്നു.

## b) കളിക്കാം പഠിക്കാം

ഈശോയിലൂടെ രക്ഷ സ്വീകരിച്ച അനേകംപേരെ സുവിശേഷങ്ങളിൽ കാണാം. ഗ്രൂപ്പു തിരിഞ്ഞ് അവരുടെ പേരുകൾ പറയാൻ അവസരം നൽകാം. ആ വ്യക്തിയെക്കുറിച്ച് രണ്ടോ മൂന്നോ വാക്യത്തിൽ ചെറിയ വിവരണം നൽകാനും ആവശ്യപ്പെടാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

സുവിശേഷഭാഗം സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുന്നതു രസകരമായിരിക്കും. ഒന്നാമത്തെ ഞായറാഴ്ച ഒരുക്കങ്ങൾ നടത്തി രണ്ടാം ഞായറാഴ്ച സ്കിറ്റ് നടത്തിയാൽ മതി. സംഭാഷണവും ആംഗ്യങ്ങളും മുൻകൂട്ടി തീരുമാനിക്കണം.

### ഉത്തരം കണ്ടെത്താം

1. ഏശയ്യാ പ്രവാചകന്റെ പുസ്തകം
2. പേജ് 29 ഖണ്ഡിക 1
3. പേജ് 31 ഖണ്ഡിക 1
4. പേജ് 31 ഖണ്ഡിക 4
5. പേജ് 32 ഖണ്ഡിക 2
6. പേജ് 32 ഖണ്ഡിക 3

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

### കത്തെഴുതാം

ഈശോ പറഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് സുവിശേഷങ്ങളിലാണ്. സുവിശേഷങ്ങൾ എഴുതിയവരോട് നാം കടപ്പെട്ടിരിക്കുന്നു. അവർക്ക് നന്ദി പറഞ്ഞുകൊണ്ട് കത്തെഴുതാം.

### വചനം കണ്ടെത്താം

അന്ധനായ ഒരാളുടെ ചിത്രം കാണിക്കുന്നു. അതിന് അടിക്കുറിപ്പായി ചേർക്കാൻ പറ്റുന്ന വചനം കണ്ടെത്താൻ ആവശ്യപ്പെടുന്നു. ഉചിതമായ വേറെയും ചിത്രങ്ങൾ നൽകാവുന്നതാണ്.

## സഞ്ചിയിൽ നിന്നെടുത്തു നിറയ്ക്കാം

പദസഞ്ചിയിൽ നിന്ന് ഉചിതമായവ എടുത്ത് പട്ടിക നിറയ്ക്കുക.

| | |
|---|---|
| തളർവാതരോഗി | ........................................................ |
| ഫരിസേയരും പ്രമാണിമാരും | ........................................................ |
| അശുദ്ധാത്മാവ് ബാധിച്ചവൻ | ........................................................ |
| പാപിനിയായ സ്ത്രീ | ........................................................ |
| ജന്മനാ അന്ധൻ | ........................................................ |
| അനീതിയും ചൂഷണവും | ........................................................ |



5

# ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ

## I. ആമുഖം

വെള്ളം വീഞ്ഞാക്കിയതു മുതൽ ഈശോ ചെയ്ത അത്ഭുത പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന പാഠമാണിത്. തന്നിലെ ദൈവ മഹത്വത്തെ വെളിപ്പെടുത്തുന്ന ഈശോയെ ഇവിടെ ദർശിക്കാം. മനുഷ്യന്റെ വിവിധ ആവശ്യങ്ങളെ മുൻനിർത്തിയാണ് അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചത്. മനുഷ്യരക്ഷയ്ക്കും ദൈവമഹത്വത്തിനുമായി ഈശോ ചെയ്ത അത്ഭുതകൃത്യങ്ങൾ നമ്മുടെ വിശ്വാസ വളർച്ചയ്ക്ക് ഉപകരിക്കുന്ന വിധം വിശദീകരിക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ തന്റെ പരസ്യജീവിതകാലത്ത് നിരവധി അത്ഭുതങ്ങൾ ചെയ്തു.
- ഈശോയുടെ അത്ഭുതകൃത്യങ്ങൾ ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കും വേണ്ടിയായിരുന്നു.
- അത്ഭുതപ്രവൃത്തികൾ ചെയ്ത ഈശോയിൽ ദൈവിക മഹത്വം കുടികൊള്ളുന്നു.

### b) മനോഭാവം

- ഈശോയിൽ വിശ്വസിച്ച് അവിടുത്തെ മഹത്വം നാം ഏറ്റു പറയണം.

- ഈശോ നൽകിയ രക്ഷയുടെ അനുഭവത്തെക്കുറിച്ച് നന്ദി യുള്ളവരായിരിക്കണം.
- ജീവിതത്തിന്റെ എല്ലാ സാഹചര്യത്തിലുമുള്ള ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ച് അവബോധം വളർത്തണം.

### c) ശീലം

- വീടുകളിലും ദൈവാലയങ്ങളിലുമുള്ള അനുഷ്ഠാനങ്ങ ളിൽ ഞാൻ ആദരവോടെ പങ്കെടുക്കും.
- ഓരോരോ ആവശ്യങ്ങളിൽ കഴിയുന്നവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും.
- മറ്റുള്ളവരുടെ വേദനകളിൽ കഴിയുന്ന ആശ്വാസം നൽകാൻ ശ്രമിക്കും.

## III. ബോധനോപാധികൾ

ഈശോ ചെയ്ത അത്ഭുതങ്ങളുടെ ചിത്രങ്ങൾ, പാലസ്തീന യുടെ ഭൂപടം, ബൈബിൾ, ചാർട്ടുകൾ

## IV. പാഠാവതരണം

പദസൂര്യൻ നൽകിക്കൊണ്ട് പാഠാവതരണം നിർവ്വഹിക്കാം.

വിവാഹവുമായി ബന്ധപ്പെട്ട പദങ്ങൾ എഴുതി പദസൂര്യൻ പൂർത്തിയാക്കട്ടെ. ഓരോ പദത്തെക്കുറിച്ചും വിശദമായി സംസാരി ക്കാൻ അവസരം നൽകാം. വിവാഹവിരുന്നിനെക്കുറിച്ചുള്ള വിശദീ കരണത്തിലൂടെ കാനായിലെ കല്യാണവീട്ടിലേക്ക് കുട്ടികളെ നയിക്കാം. . തുടർന്ന് താഴെപ്പറയുന്ന പാട്ട് ആലപിക്കാം.

"കാനായിലെ കല്യാണനാളിൽ

കൽഭരണിയിലെ വെള്ളം വീഞ്ഞായ്...."

ഈശോ വെള്ളം വീഞ്ഞാക്കിയ സംഭവം പറയാൻ കുട്ടികൾക്ക് അവസരം നൽകാം. അതേത്തുടർന്ന് ബൈബിൾ ഭാഗം എടുത്ത് അത്ഭുതം കൃത്യമായി അവതരിപ്പിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) അനുഭവം പങ്കുവയ്ക്കാം

വഞ്ചിയിൽ യാത്ര ചെയ്ത അനുഭവങ്ങൾ കുട്ടികൾ ക്ലാസ്സിൽ പങ്കുവയ്ക്കുന്നു. വഞ്ചിയാത്രയിലെ അപകടങ്ങളെക്കുറിക്കുന്ന പത്ര വാർത്തകൾ അവതരിപ്പിക്കുന്നു. തുടർന്ന് കടലിനെ ശാന്തമാക്കുന്ന ഈശോയെ കുട്ടികൾക്കു മുന്നിൽ അവതരിപ്പിക്കാം.

### b) രോഗവും സൗഖ്യവും

രോഗശാന്തി ലഭിച്ച വ്യക്തികളുടെ സാക്ഷ്യങ്ങളും വാർത്തകളും ചിത്രങ്ങളും കാണാറുണ്ട്. അവ ശേഖരിക്കാൻ ആവശ്യപ്പെടാം. ഗ്രൂപ്പു തിരിഞ്ഞ് അവരവർ ശേഖരിച്ചവ ഉപയോഗിച്ച് ഒരു കൊളാഷ് ചാർട്ടിൽ തയ്യാറാക്കാൻ നിർദ്ദേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ഈശോയുടെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് വിശദമായി ഗ്രഹിക്കുവാൻ കുട്ടികളെ സഹായിക്കുന്ന പ്രവർത്തനമാണിത്. വ്യക്തിപരമായി ബൈബിൾ വായിച്ച് ഉത്തരം കണ്ടെത്തുവാൻ പ്രോത്സാഹിപ്പിക്കണം.

### ഉത്തരം കണ്ടെത്താം

1. പേജ് 35 ഖണ്ഡിക 1
2. പേജ് 36 ഖണ്ഡിക 2
3. പേജ് 36 ഖണ്ഡിക 3
4. പേജ് 37 ഖണ്ഡിക 2
5. പേജ് 37 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ക്ലാസ്സിലൊരു പാട്ട്

ഈശോ ചെയ്ത അത്ഭുതകൃത്യങ്ങളെ ആസ്പദമാക്കി പാട്ടെഴുതാൻ അവസരം നൽകുന്നു. അവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. പാട്ടുകൾ ചേർത്ത് പതിപ്പുണ്ടാക്കുന്നു.

## പ്രശ്നോത്തരി

അത്ഭുതപ്രവൃത്തികൾ വിവരിക്കുന്ന ബൈബിൾ ഭാഗങ്ങൾ ഉൾപ്പെടുത്തി പ്രശ്നോത്തരി നടത്താം. ഗ്രൂപ്പു തിരിച്ചും വ്യക്തിഗതമായും ചോദ്യങ്ങൾ ചോദിക്കാം. കൂടുതൽ പോയിന്റ് നേടുന്നവരെ അഭിനന്ദിക്കുവാൻ മറക്കരുത്.

## ശക്തിയുള്ള വചനം

അത്ഭുത പ്രവൃത്തികൾ ചെയ്യുന്ന സമയത്ത് ഈശോ പറഞ്ഞ ശക്തിയുള്ള വചനങ്ങളുണ്ട്. ഉദാ: എഴുന്നേറ്റു കിടക്കയുമെടുത്തു നടക്കുക, അടങ്ങുക ശാന്തമാകുക. ഇത്തരം വചനങ്ങൾ കണ്ടെത്തി കാർഡുകളിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

6

# പാപികളെ തേടിവന്ന ഈശോ

## I. ആമുഖം

പിതാവിന്റെ പക്കലേയ്ക്ക് തിരിച്ചുവന്ന ധൂർത്തപുത്രന്റെ കഥ പറയുന്ന പാഠമാണിത്. പാപികളെ തേടിവന്ന ഈശോയെയും പാപികളോട് കാരുണ്യം കാണിക്കുന്ന സ്വർഗീയ പിതാവിനെയും കുട്ടികൾ പരിചയപ്പെടാൻ ഈ പാഠം ഉപകരിക്കും. നഷ്ടപ്പെട്ടതിനെ വീണ്ടെടുക്കുവാനും പാപികൾക്ക് മോചനം നൽകുവാനും ഈശോ ഇന്നും തല്പരനാണെന്ന പരമാർത്ഥം ഈ പാഠത്തിലൂടെ കുട്ടികൾക്ക് നൽകാനാവും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- പാപികളെ തേടിവരുന്ന ദൈവമാണ് ഈശോ.
- പാപത്തിൽ നിന്നൊഴിഞ്ഞുമാറാനും പാപത്തിൽ വീണാലുടൻ അനുതപിക്കാനും ഈശോ ആവശ്യപ്പെടുന്നു.
- നാം ആരേയും വിധിക്കരുത്.

### b) മനോഭാവം

- പാപം ചെയ്താലും എന്നെ സ്നേഹിക്കുന്നവനാണ് ഈശോ.
- പാപം ചെയ്യാൻ ഇടയായാൽ അനുതപിച്ച് തിരിച്ചുവരേണ്ടവരാണ് നാം.

### c) ശീലം

- പാപത്തിൽ വീഴുവാൻ ഇടയായാൽ ഞാൻ എത്രയും വേഗം കുമ്പസാരിക്കും.
- മറ്റുള്ളവരുടെ തെറ്റുകളും കുറ്റങ്ങളും ഞാൻ പറയുകയില്ല.

## III. ബോധനോപാധികൾ

നഷ്ടപ്പെട്ട ആടിന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ തുടങ്ങിയവയുടെ ചിത്രങ്ങൾ, ബൈബിൾ, ചാർട്ടുകൾ, പത്രവാർത്തകൾ.

## IV. പാഠാവതരണം

ഒരു പത്രവാർത്തയിലൂടെ പാഠാവതരണം നിർവ്വഹിക്കാം. 'മകനെ കാണ്മാനില്ല' എന്ന പത്രവാർത്ത ക്ലാസ്സിൽ വായിക്കുന്നു. തുടർന്ന് കുട്ടിയെ കാണാതായപ്പോൾ ആ വീട്ടിൽ നടന്ന സംഭവങ്ങൾ എന്തൊക്കെയാകാമെന്ന് കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. വീട്ടിലെ ആവലാതികൾ, കരച്ചിൽ, ഫോൺവിളികൾ, അന്വേഷിക്കാൻ ആളെ വിടുന്നത്, പത്രപരസ്യം തുടങ്ങിയ കാര്യങ്ങൾ വിവരിക്കുന്നു. മകൻ തിരിച്ചെത്തിയാൽ എന്തൊക്കെ ചെയ്യുമെന്നും കണ്ടെത്തുന്നു. തുടർന്ന് ധൂർത്തപുത്രന്റെ കഥയിലേക്ക് പ്രവേശിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) സ്കിറ്റ് അവതരണം

ധൂർത്തപുത്രന്റെ ഉപമ സ്കിറ്റ് ആയി അവതരിപ്പിക്കുന്നു. സംഭാഷണം ടീച്ചറിന്റെ സഹായത്തോടെ കുട്ടികൾ തയ്യാറാക്കുന്നു. ക്ലാസ്സിൽ അവതരിപ്പിച്ച് പാഠത്തിലേയ്ക്കു വരാം.

### b) ഒന്നിച്ചു പാടാം

താഴെപ്പറയുന്നതുപോലെയുള്ള പാട്ടുകൾ ഒരുമിച്ചു പാടാം.

1. ആടുകൾ നൂറുള്ളോരാട്ടിടയൻ
   കാടുകൾ വീടാക്കുമാട്ടിടയൻ

2. നല്ലിടയാ നല്ലിടയാ

വല്ലഭനാം എൻനായകാ

പാട്ടുകളുടെ ആശയം വ്യക്തമാക്കുന്നു. അതിലൂടെ നല്ലിടയനായ ഈശോയെ അവതരിപ്പിക്കുന്നു.

### c) ഇവർ ഇങ്ങനെ

പാപസാഹചര്യങ്ങളെ ഒഴിവാക്കിയും അതിജീവിച്ചും വിശുദ്ധരായിത്തീർന്നവരുടെ കഥകൾ പറയാം. ഉദാ: ഡോൺബോസ്ക്കോ, മരിയാ ഗൊരേത്തി etc.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ധൂർത്തപുത്രന്റെ ഉപമ നാടകരൂപത്തിൽ അവതരിപ്പിക്കാൻ വളരെ അനുയോജ്യമാണ്. വേണ്ടത്ര പരിശീലനത്തോടെ ക്ലാസ് മീറ്റിംഗുകളിലും വിശ്വാസപരിശീലന വേദികളിലെ വിശേഷാൽ സമ്മേളനങ്ങളിലും നാടകം അവതരിപ്പിക്കുന്നത് നല്ലതാണ്.

### ഉത്തരം കണ്ടെത്താം

1. പേജ് 40 ഖണ്ഡിക 2
2. പേജ് 41 ഖണ്ഡിക 2
3. പേജ് 41 ഖണ്ഡിക 3
4. പേജ് 43 ഖണ്ഡിക 1
5. പേജ് 43 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### അനുതാപ കീർത്തനം

കുമ്പസാരത്തിനും പശ്ചാത്താപത്തിനും സഹായിക്കുന്ന പാട്ടുകൾ പാടാൻ അവസരം നൽകുന്നു. ടീച്ചർ അത്തരം പാട്ടുകൾ പരിചയപ്പെടുത്തുന്നു.

1. പാപബോധവും പശ്ചാത്തപവും

കർത്താവേ എനിക്കേകണേ.

2. വൻപാപഭാരത്താൽ തളർന്നവൻ ഞാൻ

   അപരാധബോധത്താൽ കനിഞ്ഞവൻ ഞാൻ

3. പാപി ഞാൻ പാപി ഞാൻ

   കാൽവരി ക്രൂശിനെ നോക്കിടുന്നു.

## കഥ കേൾക്കാം

ധൂർത്തപുത്രന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ, കാണാതെപോയ ആടിന്റെ ഉപമ എന്നിവയുടെ ആശയം വരുന്ന കഥകൾ ടീച്ചർ അവതരിപ്പിക്കുന്നു. കുട്ടികളും അവർക്കറിയാവുന്ന കഥകൾ പറയുന്നു.

# 7
# നമ്മുടെ പാപങ്ങൾ ഏറ്റെടുത്ത ഈശോ

## I. ആമുഖം

നമ്മുടെ പാപങ്ങൾക്കുവേണ്ടി വേദന സഹിക്കുകയും മുറിവുകൾ ഏറ്റെടുക്കുകയും ചെയ്ത ഈശോയെക്കുറിച്ച് ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. പീഡാനുഭവങ്ങളിലൂടെ കടന്നുപോയ ഈശോയെ ശരിയായി മനസ്സിലാക്കുവാൻ ഈ പാഠം സഹായിക്കും. സഭയിലും സമൂഹത്തിലും വേദനിക്കുന്നവർക്ക് ആശ്വാസമേകാൻ ക്രിസ്തുവിന്റെ ശിഷ്യരായ നമുക്ക് കടമയുണ്ടെന്ന കാര്യവും ഈ പാഠം അനുസ്മരിപ്പിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- സഹനദാസനെക്കുറിച്ച് പഴയനിയമത്തിൽ എഴുതപ്പെട്ട വചനങ്ങൾ ഈശോയിൽ നിറവേറി.
- നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായാണ് ഈശോ പീഡകൾ സഹിച്ചത്.

### b) മനോഭാവം

- എനിക്കുവേണ്ടി പീഡകൾ സഹിച്ച ഈശോയെ ഞാൻ സ്നേഹിക്കണം.
- വേദനയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞാൻ കടപ്പെട്ടിരിക്കുന്നു.

### c) ശീലം

- വിഷമഘട്ടങ്ങളിൽ ഈശോയിൽ ആശ്രയിക്കും.
- മറ്റുള്ളവർക്കായി ത്യാഗങ്ങൾ ഏറ്റെടുക്കുവാൻ ഞാൻ തയ്യാറാകും.

## III. ബോധനോപാധികൾ

ജപമാല, പീഡാനുഭവചിത്രങ്ങൾ, ചാർട്ടുകൾ, ബൈബിൾ

## IV. പാഠാവതരണം

'വചനജപമാല' എന്ന പ്രവർത്തനത്തിലൂടെ പാഠം അവതരിപ്പിക്കാം.

ദുഃഖത്തിന്റെ ജപമാല രഹസ്യങ്ങൾ ക്ലാസ്സിൽ ചൊല്ലാൻ അവസരം നൽകുന്നു. അവ ഓരോന്നും ഓരോ ഗ്രൂപ്പിനായി നൽകുന്നു. അവർ ചാർട്ടുപേപ്പറിൽ, കിട്ടിയ രഹസ്യം എഴുതുന്നു. അതിനു ചേർന്ന ചിത്രവും ഒട്ടിക്കുന്നു. ഓരോ രഹസ്യത്തിനും അനുയോജ്യമായ വചനങ്ങൾ കണ്ടെത്താൻ ഗ്രൂപ്പുകളോട് നിർദ്ദേശിക്കുന്നു. അവ ചാർട്ടിൽ എഴുതുന്നു. വചന ജപമാല പൂർത്തിയായാൽ അത് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

## ഇതര പ്രവർത്തനങ്ങൾ

### a) അനുഭവം പങ്കുവയ്ക്കാം

വിഷമകരമായ സാഹചര്യം ഉണ്ടായ സന്ദർഭങ്ങൾ ഓർമ്മിക്കാൻ ആവശ്യപ്പെടാം. അപ്പോൾ നാം എന്താണ് ചെയ്യുന്നത്? കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകാം.

### b) കഥ പറയാം

മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയ കഥ വിശദമായി ടീച്ചർ അവതരിപ്പിക്കുന്നു. അതിലൂടെ പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

## നമുക്കു പ്രവർത്തിക്കാം

ബൈബിൾ പരിശോധിച്ച് ഉദാഹരണങ്ങൾ കണ്ടെത്തുന്നതിന് ടീച്ചർ കുട്ടികളെ സഹായിക്കണം. അവ ഒരു ചാർട്ടു പേപ്പറിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

## ഉത്തരം കണ്ടെത്താം

1. പേജ് 46 ഖണ്ഡിക 1
2. പേജ് 47 ഖണ്ഡിക 1
3. പേജ് 47 ഖണ്ഡിക 2
4. പേജ് 47 ഖണ്ഡിക 3
5. പേജ് 48 ഖണ്ഡിക 4

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## പാട്ടുകൾ പാട്ടുകൾ

പാഠഭാഗത്തെ ആശയങ്ങൾ ഉൾക്കൊള്ളുന്ന പാട്ടുകൾ ശേഖരിക്കാൻ അവസരം നൽകുന്നു. അവ ക്ലാസ്സിൽ ആലപിക്കുന്നു.

## ഞങ്ങൾക്കു ചെയ്യാൻ

സ്വന്തം ഇടവകാതിർത്തിയിൽ ക്ലേശമനുഭവിക്കുന്ന വ്യക്തികൾ ഉണ്ടാവുമല്ലോ. അവരെ കണ്ടെത്തി അവർക്കായി എന്തെങ്കിലും സഹായം ചെയ്യാനുള്ള പദ്ധതി തയ്യാറാക്കുക. ടീച്ചർ ഇക്കാര്യത്തിൽ കുട്ടികളെ സഹായിക്കണം. എത്ര ചെറിയ കാര്യമായാലും, ക്ലേശങ്ങളിൽ ആശ്വാസം പകരാനുള്ള ശീലം കുട്ടികളിൽ വളരാൻ ഇത് ഉപകരിക്കും.

# 8
# നമുക്കുവേണ്ടി മരിച്ച ഈശോ

## I. ആമുഖം

മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ച ഈശോയെ അവതരിപ്പിക്കുന്ന പാഠമാണിത്. അവിടുത്തെ സഹനങ്ങളും വേദനകളും അന്ത്യനിമിഷങ്ങളിലെ യാതനകളും ഇതിൽ വിവരിക്കുന്നു. നമുക്കായി വേദന സഹിച്ചു മരിച്ച ഈശോയെ, പാപം ചെയ്യുമ്പോഴെല്ലാം നാം വീണ്ടും വീണ്ടും വേദനിപ്പിക്കുകയാണെന്ന പരമാർത്ഥം കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ കൂടി ഈ പാഠം ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോയുടെ കുരിശിലെ ബലി വഴി നമുക്ക് പാപമോചനവും രക്ഷയും ലഭിച്ചു.
- വി. കുർബാനയിൽ ഈശോയുടെ രക്ഷാകര രഹസ്യങ്ങളാണ് അവതരിപ്പിക്കപ്പെടുന്നത്.

### b) മനോഭാവം

- നന്ദിയോടും സ്നേഹത്തോടുംകൂടെ ദിവ്യബലിയിൽ പങ്കുചേരണം.
- ദൈവാലയത്തിൽ ആദരപൂർവ്വം പെരുമാറണം.

### c) ശീലം

- ഞാൻ വി. കുർബ്ബാനയിലെ പ്രാർത്ഥനകൾ ഭക്തിപൂർവ്വം ചൊല്ലും.

- എന്നെ പരിഹസിക്കുന്നവരോട് ക്ഷമാപൂർവം പെരുമാറും.

## III. ബോധനോപാധികൾ

ഈശോയുടെ പീഡാനുഭവചിത്രങ്ങൾ, കുരിശിന്റെ വഴിയിലെ ചിത്രങ്ങൾ, കുർബ്ബാന പുസ്തകം, ബൈബിൾ

## IV. പാഠാവതരണം

കുരിശിന്റെ വഴി ക്ലാസ്സിൽ അവതരിപ്പിക്കുന്നതിലൂടെ പാഠത്തിലേയ്ക്ക് പ്രവേശിക്കാം. കുരിശിന്റെ വഴിയിലെ പ്രാർത്ഥനകളും ഗാനങ്ങളും മുൻകൂട്ടി ഒരുങ്ങിവന്ന് കുട്ടികൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. വിവിധ സ്ഥലങ്ങളിൽ നടക്കുന്ന സംഭവങ്ങൾ ചർച്ച ചെയ്യുന്നു. തുടർന്ന് പാഠത്തിലേയ്ക്കു വരുന്നു. പാഠഭാഗത്ത് പരാമർശിക്കുന്ന കാര്യങ്ങൾ കുരിശിന്റെ വഴിയിൽ എവിടെയൊക്കെയാണുള്ളതെന്ന് കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു. അവയുടെ വിശദീകരണത്തിലൂടെ പാഠത്തിലെ പ്രമേയം കുട്ടികൾ ഗ്രഹിക്കുന്നു.

## ഇതര പ്രവർത്തനങ്ങൾ

### a) പദസൂര്യൻ

പദസൂര്യൻ പൂർത്തിയാക്കാൻ കുട്ടികളോട് നിർദ്ദേശിക്കാം. ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാം.

### b) ആളെ തിരിച്ചറിയാം

ടീച്ചർ പറയുന്ന അടയാളങ്ങളിൽ നിന്ന് കുട്ടികൾ ആളെ തിരിച്ചറിയുന്നു.

ഉദാ: 1. പണസഞ്ചി ഇയാളുടെ കയ്യിലാണ്. ഒരു കൂട്ടം പടയാളികളെയും കൂട്ടി ഇയാൾ വന്നു (ഉ: യൂദാസ്)

2. ഇയാൾ അധികാരിയാണ്. വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പാകെ കൈകഴുകി (ഉ: പീലാത്തോസ്)

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ഈശോയുടെ കുരിശിലെ തിരുമൊഴികൾ വളരെ പ്രധാനപ്പെട്ടവയാണ്. അവ കണ്ടെത്തി എഴുതാൻ സഹായിക്കണം. ചാർട്ടു പേപ്പ

റിൽ എഴുതി പ്രദർശിപ്പിക്കുകയുമാവാം.

### ഉത്തരം കണ്ടെത്താം

1. പേജ് 51 ഖണ്ഡിക 1
2. പേജ് 51 ഖണ്ഡിക 1
3. പേജ് 52 ഖണ്ഡിക 1
4. പേജ് 52 ഖണ്ഡിക 2
5. പേജ് 54 ഖണ്ഡിക 1
6. പേജ് 54 ഖണ്ഡിക 3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### തിരുവചനമെഴുതാം

ദുഃഖങ്ങളിൽ ആശ്വാസമേകുന്ന തിരുവചനങ്ങൾ കണ്ടെത്തി പറയാനും എഴുതാനും ആവശ്യപ്പെടാം.

### കത്തെഴുതാം

നമുക്കുവേണ്ടി കുരിശിൽ മരിച്ച ഈശോയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഒരു കത്തെഴുതാം. ഈശോയോടുള്ള സ്നേഹാദരവുകൾ കുട്ടികളിൽ വളരാൻ ഈ പ്രവർത്തനം സഹായിക്കും.

9

# ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ

## I. ആമുഖം

സ്നേഹത്തിന്റെ മാതൃകയും സ്നേഹത്തിന്റെ കല്പനയും നൽകിയ ഈശോയെ ഈ പാഠത്തിൽ പരിചയപ്പെടാം. പരിധിയില്ലാത്ത ക്ഷമയെക്കുറിച്ച് ഈശോ പഠിപ്പിച്ചു. ഈശോയുടെ ശിഷ്യന്മാരായിത്തീരുന്നവർ പാലിക്കേണ്ട സ്നേഹത്തിന്റെ പുതിയ നിയമത്തെക്കുറിച്ച് ശരിയായി ഗ്രഹിക്കുവാൻ ഈ പാഠം സഹായിക്കും. കുരിശുമരണത്തിലും സ്നേഹവും ക്ഷമയും പ്രദർശിപ്പിച്ച ഈശോയോട് കുട്ടികൾക്ക് കൂടുതൽ അടുപ്പമുണ്ടാകുന്ന വിധത്തിൽ പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- കുരിശിൽ പിടഞ്ഞപ്പോഴും ക്ഷമയുടെ മഹത്തായ മാതൃക ഈശോ കാണിച്ചുതന്നു.
- ശത്രുക്കളെയും സ്നേഹിക്കുവാൻ ഈശോ പഠിപ്പിച്ചു.
- ക്ഷമിക്കുന്ന മനസ്സോടെ ദിവ്യബലിയിൽ പങ്കെടുക്കണം.

### b) മനോഭാവം

- ദ്രോഹം ചെയ്യുന്നവരോട് ക്ഷമിക്കാൻ കടമയുണ്ട്.
- നന്മ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാൻ നാം കടപ്പെട്ടവരാണ്.

### c) ശീലം

- കോപിക്കുവാനുള്ള സാഹചര്യം വരുമ്പോൾ കുരിശിൽ മരിച്ച ഈശോയെ ഞാൻ ഓർക്കും.

◆ കഴിവതും മറ്റുള്ളവരുടെ നന്മ കാണാനും പറയാനും ശ്രമിക്കും.

## III. ബോധനോപാധികൾ

കുരിശിൽ കിടക്കുന്ന ഈശോയുടെ ചിത്രങ്ങൾ, ക്ഷമയുടെ മാതൃക കാട്ടിയ മഹത്വ്യക്തികളുടെ ചിത്രങ്ങൾ, ക്ഷമയെക്കുറിക്കുന്ന അനുഭവസാക്ഷ്യങ്ങൾ, പത്രവാർത്തകൾ, വിശുദ്ധരുടെ ജീവിതകഥ കൾ.

## IV. പാഠാവതരണം

ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്നെ വെടിവെച്ച അലി അഗ്ക എന്ന തുർക്കിക്കാരനോട് ക്ഷമിച്ച സംഭവം വിവരിക്കാം. ജയി ലിൽ കഴിയുന്ന അലി അഗ്കയെ മാർപാപ്പ സന്ദർശിച്ച് താൻ ക്ഷമിച്ച തായി അറിയിച്ചു. ഈ ദൃശ്യത്തിന്റെ ചിത്രം സുലഭമാണ്. ആ ചിത്രം കുട്ടികളെ കാണിച്ച് വിശദമായി സംസാരിക്കാം.

വിശുദ്ധരുടെ ജീവിതത്തിൽനിന്ന് ഇതിനു സമാനമായ മറ്റു കഥ കൾ അവതരിപ്പിച്ചാലും മതി, തുടർന്ന് ക്ഷമാശീലനും ശത്രുസ്നേ ഹിയുമായ ഈശോയിലേയ്ക്ക് വന്ന് പാഠഭാഗം അവതരിപ്പിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) പാടാം പ്രാർത്ഥിക്കാം

താഴെച്ചേർക്കുന്ന പാട്ടുകൾ ഗ്രൂപ്പായി ക്ലാസ്സിൽ ആലപിക്കാം. അനുയോജ്യമായ മറ്റുപാട്ടുകളും സ്വീകരിക്കാം.

1. ശത്രുസ്നേഹം ക്രിസ്തുവിന്റെ മുദ്രയാണല്ലോ
   മുദ്രാവാക്യമാണല്ലോ.
2. ക്ഷമിക്കുവാൻ ആവാത്ത നിമിഷങ്ങളെ
   ആത്മീയ ശക്തിയാൽ നിറയ്ക്കേണമേ.
3. ക്ഷമാശീലനാം എന്നേശുവേ
   ശാന്തശീലനാം എന്നേശുവേ
   കഠിനാമാമെൻ ഹൃദയം തവഹൃദയം
   പോലെയാക്കണേ.

## b) വചനം ശേഖരിക്കാം

പഴയനിയമത്തിൽനിന്നും പുതിയ നിയമത്തിൽനിന്നും 'ശത്രു സ്നേഹം' വിഷയമായ വചനം ശേഖരിക്കുന്നു, അവതരിപ്പിക്കുന്നു.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

## നമുക്കു പ്രവർത്തിക്കാം

അനുഭവം സ്വയം ഓർക്കാൻ ആദ്യം അവസരം നൽകണം. പിന്നീട് ആരോടെങ്കിലും പങ്കുവയ്ക്കാൻ അനുവദിക്കണം. തുടർന്ന് അത് എഴുതാൻ ആവശ്യപ്പെടാം. അനുഭവങ്ങൾ ചേർത്ത് ഒരു പതിപ്പാക്കുന്നതും നല്ലതാണ്

## ഉത്തരം കണ്ടെത്താം

1. പേജ് 57 ഖണ്ഡിക 1
2. പേജ് 58 ഖണ്ഡിക 3
3. പേജ് 59 ഖണ്ഡിക 2
4. പേജ് 60 ഖണ്ഡിക 1
5. പേജ് 60 ഖണ്ഡിക 2

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## വചനകാർഡുകൾ തയ്യാറാക്കാം

ക്ഷമയെ സംബന്ധിക്കുന്ന ബൈബിൾ വചനങ്ങൾ എഴുതിയ കാർഡുകൾ തയ്യാറാക്കുന്നു. അവ മനഃപാഠമാക്കുന്നു. ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

## കഥയെഴുതാം

ക്ഷമിക്കുന്ന സ്നേഹത്തെ അടിസ്ഥാനമാക്കി കുട്ടികൾ കഥയെഴുതുന്നു. കഥകൾ ക്ലാസ്സിൽ വായിക്കുന്നു. അവ ചേർത്ത് കഥാപ്പതിപ്പ് തയ്യാറാക്കുന്നു.

## ആത്മശോധന ചെയ്യാം

ആരോടെങ്കിലും ദേഷ്യമുണ്ടോ? ആരോടെങ്കിലും ക്ഷമിക്കാനുണ്ടോ? ആ വ്യക്തിയെ സമർപ്പിച്ച് പ്രാർത്ഥിക്കാൻ അവസരം നൽകാം. ക്ഷമിക്കാനുള്ള പ്രായോഗിക പരിശീലനം കുട്ടികൾക്ക് നൽകാൻ ഇത് ഉപകരിക്കും.

10

# മരണത്തെ ജയിച്ച ഈശോ

## I. ആമുഖം

മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ഈശോയെക്കുറിച്ചാണ് ഈ പാഠത്തിൽ വിവരിക്കുന്നത്. പ്രവചനങ്ങളിലൂടെ പറയപ്പെട്ടത് പൂർത്തിയായതെങ്ങനെ എന്ന് വ്യക്തമാക്കുന്ന പാഠം. തിരുനാളുകളുടെ തിരുനാളായ ഉയിർപ്പു തിരുനാൾ ക്രൈസ്തവർക്ക് എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും ഇതിൽ വിശദമാക്കുന്നു. ഉയിർത്തെഴുന്നേറ്റ ഈശോയെ കൂടുതൽ സ്നേഹിക്കാനും ഈശോയിൽ ജീവിക്കാനും കുട്ടികളെ സഹായിക്കുന്ന വിധത്തിൽ ഈ പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്തു.
- ഈശോയുടെ ഉത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്.
- ഈശോയുടെ ഉത്ഥാനം മുൻകൂട്ടി പ്രവചിച്ചതാണ്.

### b) മനോഭാവം

- ഉയിർത്തെഴുന്നേറ്റ ഈശോയിലാണ് നാം ആശ്രയം വയ്ക്കേണ്ടത്.
- ഉത്ഥിതനായ ഈശോയുടെ മഹത്വത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ.

## c) ശീലം

- ◆ പാപസാഹചര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഉത്ഥിതനായ ഈശോയോടു ചേർന്നു ഞാൻ ജീവിക്കും.
- ◆ വലിയ നോമ്പുകാലത്ത് കഴിയുന്ന ദിവസങ്ങളിലെല്ലാം വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊള്ളും.

# III. ബോധനോപാധികൾ

ഉത്ഥിതനായ ഈശോയുടെ പല തരത്തിലുള്ള ചിത്രങ്ങൾ, മഗ്ദലനമറിയത്തിനു പ്രത്യക്ഷപ്പെടുന്ന ചിത്രം, മലയാറ്റൂർ തീർത്ഥാടന കേന്ദ്രത്തിന്റെ ചിത്രം.

# IV. പാഠാവതരണം

ഒരു മൈമിംഗിലൂടെ പാഠം അവതരിപ്പിക്കാം. താഴെപ്പറയുന്ന കുറിപ്പുകൾ എഴുതി കുട്ടികൾക്കു നൽകുന്നു. ഓരോരുത്തരും തങ്ങൾക്കു കിട്ടുന്ന കുറിപ്പുകൾ വായിച്ച് അത് മൈമിംഗിലൂടെ അവതരിപ്പിക്കുന്നു.

- അരമത്തിയാക്കാരൻ ജോസഫും കന്യകാമറിയവും ഏതാനും സ്ത്രീകളും കൂടി ഈശോയുടെ ശരീരം സംസ്കരിക്കുന്നു.
- യഹൂദപ്രമാണികൾ കല്ലറ മുദ്രവച്ച് പടയാളികളെ കാവലേൽപിക്കുന്നു.
- മഗ്ദലനമറിയവും ഏതാനും സ്ത്രീകളും ഈശോയുടെ ശരീരം പൂശുവാൻ സുഗന്ധദ്രവ്യങ്ങളുമായി കല്ലറയിൽ പോകുന്നു.
- ദൂതൻ സ്വർഗത്തിൽനിന്ന് വന്ന് കല്ല് ഉരുട്ടിമാറ്റി അതിന്മേൽ ഇരിക്കുന്നു.
- ദൂതൻ സ്ത്രീകളോട് പറയുന്നു.
- സ്ത്രീകൾ ഭയത്തോടും വിറയലോടും കൂടി ശിഷ്യന്മാരുടെ അടുത്തേക്ക് ഓടുന്നു.
- പത്രോസ് കല്ലറയിൽ പ്രവേശിക്കുന്നു. ശൂന്യമായ കല്ലറ കണ്ട് അത്ഭുതപ്പെടുന്നു.

മൈമിംഗിനുശേഷം മത്താ. 28:2–6; യോഹ 20:4–8 എന്നീ ഭാഗങ്ങൾ വായിക്കുന്നു. പാഠത്തിലേയ്ക്കു പ്രവേശിക്കുന്നു.

## ഇതര പ്രവർത്തനങ്ങൾ

### a) പാടാം പാടാം

ഉയിർത്തെഴുന്നേറ്റ ഈശോയെ പ്രകീർത്തിക്കുന്ന പാട്ടുകൾ ശേഖരിക്കുക. അവ കൂട്ടമായി ക്ലാസിൽ ആലപിക്കുക.

ഉദാ: ഉയിർത്തെഴുന്നേറ്റു നാഥൻ ഉയിർത്തെഴുന്നേറ്റു

വിജയലാളിതനായ് നാഥൻ ഉയിർത്തെഴുന്നേറ്റു

### b) അറിയാം എഴുതാം

'ഈസ്റ്റർ' എന്ന വാക്ക് എങ്ങനെയുണ്ടായി? 'ഈസ്റ്റർ മുട്ട' എന്നാൽ എന്ത്?

ഇങ്ങനെയുള്ള വിവരങ്ങൾ അന്വേഷിച്ച് അറിയാനും ക്ലാസ്സിൽ അവതരിപ്പിക്കാനും അവസരം നൽകണം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

വി. ലൂക്കാ വിവരിക്കുന്ന ഉത്ഥാന സംഭവം ക്ലാസ്സിൽ വായിക്കാം, പറയാം. സ്കിറ്റായി അവതരിപ്പിക്കാം.

### ഉത്തരം കണ്ടെത്താം

1. പേജ് 63 ഖണ്ഡിക 1
2. പേജ് 65 ഖണ്ഡിക 1
3. പേജ് 65 ഖണ്ഡിക 3
4. പേജ് 64 ഖണ്ഡിക 2
5. പേജ് 65 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### പ്രസംഗ മത്സരം

ഈസ്റ്ററിന്റെ സന്ദേശം വ്യക്തമാക്കുന്ന ഒരു പ്രസംഗമത്സരം

ക്ലാസ്സിൽ സംഘടിപ്പിക്കാം. രണ്ടോ മൂന്നോ മിനിട്ടു മാത്രം ദൈർഘ്യ മുള്ള പ്രസംഗം ആദ്യം ഗ്രൂപ്പിലും മികച്ചവ ക്ലാസ്സിലും അവതരിപ്പിക്കാൻ അവസരം നൽകിയാൽ മതി. വിജയികളെ അഭിനന്ദിക്കാൻ മറക്കരുത്.

**കടംകഥ പറയാം**

ഉറിയിലുണ്ട് മുറിയിലില്ല

അറയിലില്ല അർത്ഥത്തിലുണ്ട്

അന്നത്തിലില്ല അയനത്തിലുണ്ട്

ഉത്തരം : ഉത്ഥാനം

ഇത്തരം കടംകഥകൾ നിർമ്മിക്കാൻ അവസരം നല്കാം.

**വചനമിത്രം**

ഉയിർപ്പുമായി ബന്ധപ്പെട്ട ബൈബിൾ വചനങ്ങൾ ശേഖരി ക്കാനും ചാർട്ടുകളിൽ എഴുതി പ്രദർശിപ്പിക്കാനും അവസരം നൽക ണം.

# 11
# എമ്മാവൂസ് അനുഭവം

## I. ആമുഖം

ഉയിർത്തെഴുന്നേറ്റ ഈശോ എമ്മാവൂസിലേയ്ക്കുള്ള യാത്രയിൽ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതും തന്നെത്തന്നെ വെളിപ്പെടുത്തുന്നതുമാണ് എമ്മാവൂസ് അനുഭവം. ലോകാവസാനം വരെയും താൻ കൂടെയുണ്ടാകുമെന്ന വാഗ്ദാനം അവിടുന്ന് നിറവേറ്റി. വിശുദ്ധ കുർബ്ബാനയിലൂടെ ഈശോയുടെ സാന്നിദ്ധ്യം നാം അനുഭവിക്കുന്നു. ഈ യാഥാർത്ഥ്യം വിശദീകരിക്കുന്ന പാഠമാണിത്. വി. കുർബ്ബാനയിലെ ഈശോയുടെ സാന്നിദ്ധ്യത്തെ അടുത്തറിയാൻ ഈ പാഠം സഹായിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- വി. കുർബ്ബാനയിൽ ഈശോയുടെ സജീവസാന്നിദ്ധ്യം ഉണ്ട്.
- വി. കുർബ്ബാന ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രമാണ്.
- വെളിപാടിന്റെ പൂർണ്ണതയാണ് വി. കുർബ്ബാന

### b) മനോഭാവം

- വി. കുർബ്ബാനയെ ജീവിതത്തിന്റെ ശക്തികേന്ദ്രമായി സ്വീകരിക്കാൻ നാം കടപ്പെട്ടിരിക്കുന്നു.
- വി. കുർബ്ബാനയിലൂടെ നാം ഈശോയോട് കൂടുതൽ ചേർന്നു നിൽക്കുകയാണ് ചെയ്യുന്നത്.

### c) ശീലം

- ദൈവാലയത്തിൽ ഭക്ത്യാദരപൂർവം പെരുമാറും.
- വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോഴെല്ലാം യോഗ്യതയോടെ വി. കുർബ്ബാന സ്വീകരിക്കും.

## III. ബോധനോപാധികൾ

കുർബ്ബാനപ്പുസ്തകം, വി. കുർബ്ബാനയെക്കുറിച്ചുള്ള ചാക്രിക ലേഖനം, എമ്മാവൂസ് അനുഭവത്തിന്റെ ചിത്രങ്ങൾ

## IV. പാഠാവതരണം

ഒരു ദൃശ്യാവതരണത്തിലൂടെ പാഠം അവതരിപ്പിക്കാം.

എമ്മാവൂസ് സംഭവത്തെ ദൃശ്യാവതരണമാക്കി മാറ്റാം. സംഭാഷണങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെക്കൊണ്ട് ചെയ്യിക്കാം. തുടർന്ന് പാഠഭാഗം വായിച്ച് വിശദമായി കാര്യങ്ങൾ ഗ്രഹിക്കാൻ അവസരം നൽകാം. വീണ്ടും ഒരിക്കൽക്കൂടി ദൃശ്യാവിഷ്കാരം നടത്തിക്കാം. ആദ്യത്തേതിനേക്കാൾ വ്യക്തതയോടെ അതു ചെയ്യാൻ കഴിയും. അതിനുശേഷം പാഠഭാഗം വിശദീകരിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) അനുഭവം പറയാം എഴുതാം

കുട്ടികളോട് ജീവിതത്തിൽ ദുഃഖമുണ്ടായ അവസരത്തിൽ ദൈവത്തിന്റെ ഇടപെടൽ ഉണ്ടായ അനുഭവം പറയാനും എഴുതാനും ആവശ്യപ്പെടാം. അത്തരം അനുഭവം ടീച്ചർ വിവരിക്കുന്നതും നല്ലതാണ്.

### b) വിശുദ്ധ മൊഴികൾ

വി. കുർബ്ബാനയെക്കുറിച്ച് വിശുദ്ധർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കണ്ടെത്തി ശേഖരിക്കാൻ നിർദ്ദേശിക്കാം. അവ ഡയറിയിൽ എഴുതട്ടെ. ചാർട്ടിലെഴുതി പ്രദർശിപ്പിക്കട്ടെ.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

കണ്ടുപിടിച്ച് എഴുതേണ്ടത് കണ്ടെത്താൻ ടീച്ചർ കുട്ടികളെ സഹായിക്കണം. അതിന് സഹായകമായ പുസ്തകങ്ങളും മറ്റും അവർക്കു നൽകണം.

### ഉത്തരം കണ്ടെത്താം

1. പേജ് 69 ഖണ്ഡിക 1
2. പേജ് 70 ഖണ്ഡിക 2
3. പേജ് 70 ഖണ്ഡിക 3
4. പേജ് 71 ഖണ്ഡിക 2
5. പേജ് 71 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### പാട്ടുപാടാം

വി. കുർബ്ബാന വിരുന്നാണെന്ന് സൂചിപ്പിക്കുന്ന പാട്ടുകൾ ശേഖരിച്ച് ക്ലാസ്സിൽ പാടാൻ അവസരം നൽകുന്നു.

### പങ്കുവയ്ക്കാം

ആദ്യകുർബ്ബാന സ്വീകരണം നടത്തിയ ദിവസത്തെ അനുഭവം ക്ലാസ്സിൽ പങ്കുവയ്ക്കാൻ അവസരം നൽകുന്നു.

### പ്രശ്നോത്തരി

വി. കുർബ്ബാനയെ സംബന്ധിക്കുന്ന ചെറുചോദ്യങ്ങൾ ശേഖരിച്ച് പ്രശ്നോത്തരി സംഘടിപ്പിക്കുന്നു. വിജയിക്കുന്ന കുട്ടികൾക്കോ ഗ്രൂപ്പിനോ സമ്മാനം നൽകുന്നു.

## 12

# എന്റെ കർത്താവേ, എന്റെ ദൈവമേ

## I. ആമുഖം

തോമാശ്ലീഹാ നടത്തുന്ന വിശ്വാസപ്രഖ്യാപനമാണ് ഈ പാഠത്തിന്റെ പ്രതിപാദ്യം. ഈശോ കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്ന യഥാർത്ഥ വിശ്വാസത്തിന്റെ ചിത്രം ഈ പാഠം അവതരിപ്പിക്കുന്നു. വിശ്വാസത്തിന്റെ വിത്തുകൾ കുട്ടികളിൽ പാകി മുളപ്പിക്കാൻ ഇത് ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- തോമാശ്ലീഹാ വിശ്വാസപ്രഖ്യാപനം നടത്തി.
- ഈശോ നമ്മുടെ കർത്താവും ദൈവവുമാണ്.
- ഉത്ഥാനം ചെയ്ത ഈശോ എപ്പോഴും നമ്മോടുകൂടി ഉണ്ട്.

### b) മനോഭാവം

- തോമാശ്ലീഹായുടെ വിശ്വാസാനുഭവം നമുക്കും സ്വന്തമായിരിക്കണം.
- ഈശോയെ കർത്താവും ദൈവവുമായി ഏറ്റുപറയണം.

### c) ശീലം

- വിശുദ്ധരുടെ ദൈവാനുഭവങ്ങൾ കണ്ടെത്തി വായിക്കും.
- മിഷനറിമാരെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അന്വേഷിച്ചറിയും.

## III. ബോധനോപാധികൾ

ഈശോ തോമാശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ട ചിത്രം. പന്ത്രണ്ടു ശിഷ്യന്മാരുടെ ചിത്രം, വിശുദ്ധരുടെ ചിത്രങ്ങൾ, മലയാറ്റൂർ പള്ളിയുടെ ചിത്രവും ചരിത്രവും.

## IV. പാഠാവതരണം

അനുഭവവിവരണത്തിലൂടെ പാഠാവതരണം നിർവ്വഹിക്കാം. മലയാറ്റൂർ മല കയറിയ സന്ദർഭം ടീച്ചർ ആദ്യം വിവരിക്കുന്നു. ഓരോ കാര്യവും വിശദമായും വ്യക്തമായും പറയുന്നു. അവിടെ മല കയറിയപ്പോഴും കുരിശിന്റെ വഴി നടത്തിയപ്പോഴും കുർബ്ബാനയിൽ പങ്കെടുത്തപ്പോഴും ഉണ്ടായ അനുഭൂതികൾ പങ്കുവയ്ക്കുന്നു. തുടർന്ന് കുട്ടികൾക്ക് വിവരണം പറയാൻ അവസരം നൽകുന്നു. പരമാവധി കുട്ടികൾ പറയട്ടെ. അടുത്ത ദിവസം വരുമ്പോൾ യാത്രാവിവരണം എഴുതിക്കൊണ്ടുവരാൻ നിർദ്ദേശിക്കുന്നു. തുടർന്ന് പാഠത്തിലേയ്ക്കു പ്രവേശിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) സമാധാനം സമാധാനം

ഗ്രൂപ്പുകളായി തിരിഞ്ഞ് വി. കുർബ്ബാനയുടെ പുസ്തകത്തിൽ എത്ര പ്രാവശ്യം സമാധാനം എന്ന വാക്ക് ഉണ്ടെന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു. ഉത്ഥാനം ചെയ്ത ഈശോ നൽകിയ സമാധാനാശംസയും ദിവ്യബലിയിലെ സമാധാനാശംസയും കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കണം.

### b) അഭിമുഖം നടത്താം

വിശ്വാസപ്രഖ്യാപനം നടത്തിയ തോമാശ്ലീഹായെ അഭിമുഖം നടത്താൻ കുട്ടികൾക്ക് അവസരം നൽകണം. വിശദവിവരങ്ങൾ അറിയാൻ തക്കവിധമുള്ള ചോദ്യങ്ങൾ തയ്യാറാക്കണം. അവ കുട്ടികൾ ക്ലാസിൽ വച്ചുതന്നെ ചോദിക്കണം. തോമാശ്ലീഹാ ആകുന്ന കുട്ടി ഉത്തരങ്ങൾ പറയണം. ടീച്ചർ പ്രത്യേകം സഹായം നൽകണം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

തോമാശ്ലീഹായെക്കുറിച്ച് പല കഥകളും ഉണ്ട്. അവയിൽ ചിലത് കുട്ടികളെക്കൊണ്ട് ക്ലാസിൽ പറയിക്കുക. അല്ലെങ്കിൽ ടീച്ചർ പറയുക,

അതിനുശേഷം അതിലൊരു കഥയോ വേറെ കഥയോ എഴുതിക്കൊണ്ടുവരാൻ ആവശ്യപ്പെടുക.

### ഉത്തരം കണ്ടെത്താം

1. പേജ് 75 ഖണ്ഡിക 1
2. പേജ് 75 ഖണ്ഡിക 2
3. പേജ് 75 ഖണ്ഡിക 3
4. നിങ്ങൾക്കു സമാധാനം
5. പേജ് 76 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### പാടാം പ്രാർത്ഥിക്കാം

കുട്ടികൾ കണ്ണടച്ചിരുന്ന് ടീച്ചറിനോടൊപ്പം താഴെ കൊടുത്തിരിക്കുന്ന പാട്ടുപാടി പ്രാർത്ഥിക്കുന്നു.

യേശുവിനെ കാണേണം
എനിക്കേശുവിനെ കാണേണം
തീവ്രമായ് ആശിപ്പൂ ഞാൻ
എനിക്കേശുവിനെ കാണേണം
യേശുവിനെ കേൾക്കേണം
എനിക്കേശുവിനെ കേൾക്കേണം

### ദൈവാനുഭവം വായിക്കാം

വിശുദ്ധരുടെ ജീവിതത്തിൽനിന്ന് അവരുടെ ദൈവാനുഭവം കണ്ടെത്തി വായിക്കാം; സന്ദേശം ഗ്രഹിക്കാം.

## 13

# സ്വർഗാരോഹണവും പ്രേഷിതദൗത്യവും

## I. ആമുഖം

ഉത്ഥാനം ചെയ്ത ഈശോ തന്റെ ശിഷ്യന്മാരെ പ്രേഷിതദൗത്യം ഏല്പിച്ചശേഷം സ്വർഗാരോഹണം ചെയ്യുന്നതിനെ പ്രതിപാദിക്കുന്ന പാഠമാണിത്. ഓരോ ക്രൈസ്തവന്റെയും പ്രേഷിതദൗത്യം എന്തെന്നും ഈ പാഠത്തിൽ ചർച്ച ചെയ്യുന്നു. ജീവിതമാതൃകയിലൂടെ ഈശോ കർത്താവാണെന്ന് വ്യക്തമായി പ്രഘോഷിക്കാനുള്ള കടമ ഓരോരുത്തർക്കുമുണ്ടെന്ന് കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ ഈ പാഠം സഹായിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ സഭയെ ഏൽപിച്ച പ്രേഷിതദൗത്യമാണ് സുവിശേഷ പ്രഘോഷണം.
- പന്തക്കുസ്തായിൽ പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ട് ഈശോ ശിഷ്യന്മാരെ സുവിശേഷം പ്രസംഗിക്കാൻ പ്രാപ്തരാക്കി.
- ലോകത്തിന്റെ അതിർത്തികൾ വരെയും സുവിശേഷം എത്തിക്കാൻ ക്രൈസ്തവന് കടമയുണ്ട്.

### b) മനോഭാവം

- ജീവിതമാതൃകയിലൂടെ ഈശോയെക്കുറിച്ച് പ്രഘോഷിക്കാൻ കടമയുണ്ട്.

◆ ഈശോയെക്കുറിച്ച് ലോകം ഗ്രഹിക്കാൻ ഇടവരുത്തേണ്ടത് നമ്മളാണ്.

### c) ശീലം

◆ ഈശോയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ബൈബിൾ ശ്രദ്ധയോടെ വായിക്കും.

◆ വിശ്വാസപരിശീലന ക്ലാസ്സിൽ താല്പര്യത്തോടെ സംബന്ധിക്കും.

## III. ബോധനോപാധികൾ

സ്വർഗാരോഹണത്തിന്റെ ചിത്രം, പന്തക്കുസ്തായുടെ ചിത്രം, ബൈബിൾ, ചാർട്ടുകൾ, പാലസ്തീനയുടെ മാപ്പ്

## IV. പാഠാവതരണം

കഥാകഥനത്തിലൂടെ പാഠാവതരണം നടത്താം

സ്വർഗാരോഹണം ചെയ്ത് സ്വർഗത്തിലെത്തിയ ഈശോയെ മാലാഖമാർ ഇന്റർവ്യൂ ചെയ്തു. 33 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം മാലാഖമാർ ചോദിച്ചു: “ഈ പ്രവർത്തനങ്ങൾ തുടരാനും സ്നേഹസന്ദേശം പ്രചരിപ്പിക്കാനും അങ്ങ് എന്ത് ക്രമീകരണം ചെയ്തിട്ടുണ്ട്?”

ഈശോ പറഞ്ഞു: “പന്ത്രണ്ടുപേരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ചിട്ടുണ്ട്. അവർ ചെയ്തുകൊള്ളും.”

“അവർ മറന്നുപോയാലോ? മടി കാണിച്ചാലോ?”

“എന്നാൽപ്പിന്നെ വേറൊരു മാർഗവും ഇല്ല.” ഈശോ മറുപടി നൽകി.

അപ്പസ്തോലന്മാരെ തുടർന്ന് പ്രേഷിതദൗത്യം നിർവ്വഹിക്കേണ്ടവരാണ് നാമെന്ന ആശയത്തിലൂന്നി പാഠത്തിലേയ്ക്കു പ്രവേശിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) കണ്ടെത്താം അടയാളപ്പെടുത്താം

പാലസ്തീനായുടെ മാപ്പിൽ, അപ്പസ്തോലന്മാർ സുവിശേഷ പ്രഘോഷണം നടത്തിയ സ്ഥലങ്ങൾ കണ്ടെത്തി അടയാളപ്പെടുത്താൻ

അവസരം നൽകാം. ടീച്ചർ കുട്ടികളെ ഇക്കാര്യത്തിൽ സഹായിക്കണം.

### b) ക്രമത്തിലാക്കാം പഠിക്കാം

ഏതൊക്കെയെന്ന് കണ്ടെത്തുക. അവ ക്രമത്തിലാക്കി എഴുതുക. ലേഖന കർത്താക്കൾ ആരൊക്കെയെന്നും എഴുതുക. അവ പഠിക്കുക.

## V. പാഠാബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

അപ്പസ്തോല പ്രവർത്തനങ്ങൾ 8,9 അധ്യായങ്ങൾ ക്ലാസ്സിൽ വായിക്കാൻ അവസരം നൽകുന്നു. മാനസാന്തര കഥ വിവരണം മത്സരം നടത്തുന്നു.

### ഉത്തരം കണ്ടെത്താം

1. പേജ് 79 ഖണ്ഡിക 1
2. പേജ് 80 ഖണ്ഡിക 3
3. പേജ് 80 ഖണ്ഡിക 3
4. പേജ് 81 ഖണ്ഡിക 1
5. പേജ് 82 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ചർച്ച ചെയ്യാം

കുട്ടികൾക്ക് വീട്ടിലും വിദ്യാലയത്തിലും ചെയ്യാവുന്ന സുവിശേഷ പ്രഘോഷണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് ചർച്ച ചെയ്യുക. അവ എഴുതി വയ്ക്കുക. അവ പാലിക്കുവാൻ പ്രേരിപ്പിക്കുക.

### പ്രസംഗമത്സരം

ഈശോയുടെ സ്നേഹത്തിന്റെ കല്പന പ്രസംഗരൂപത്തിലാക്കാൻ അവസരം നൽകുന്നു. തുടർന്ന് ക്ലാസ്സിൽ പ്രസംഗമത്സരം നടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.

14

# പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും

## I. ആമുഖം

അപ്പസ്തോലന്മാരുടെ മേൽ പരിശുദ്ധാത്മാവു വന്നു നിറഞ്ഞ പന്തക്കുസ്താദിനത്തെ അവതരിപ്പിക്കുന്ന ഈ പാഠത്തിൽ സുവിശേഷ പ്രഘോഷണത്തിന്റെ തീവ്രതയും തീക്ഷ്ണതയും വിശദമാക്കുന്നുണ്ട്. ആരാധനക്രമവത്സരത്തിൽ പന്തക്കുസ്തയെ അവതരിപ്പിക്കാനും ഈ പാഠം ഉപകരിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- പന്തക്കുസ്തായിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ഉടൻ വി. പത്രോസ് വചനം പ്രഘോഷിച്ചു.
- വി. തോമാശ്ലീഹാ ഭാരതത്തിലെത്തി ഏഴുസ്ഥലങ്ങളിൽ ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം നൽകി.
- വിശ്വാസസംരക്ഷണത്തിന് ജീവൻ വെടിഞ്ഞ അനേകം പേർ സഭയിലുണ്ട്.

### b) മനോഭാവം

- എല്ലാ സാഹചര്യത്തിലും വിശ്വാസത്തെ പരിരക്ഷിക്കേണ്ട ചുമതലയുണ്ട്.
- സഭയുടെ വളർച്ചയിൽ പങ്കാളിയാകാനുള്ള കടമ ഓരോരുത്തർക്കുമുണ്ട്.

## c) ശീലം

- കുടുംബപ്രാർത്ഥനകളിൽ ഞാൻ ഭക്തിയോടെ പങ്കു കൊള്ളും.
- പ്രഭാതത്തിൽ ഞാനെന്നും പരിശുദ്ധാത്മാവിന്റെ അനുഗ്രഹം പ്രാർത്ഥിക്കും.

# III. ബോധനോപാധികൾ

പന്തക്കുസ്തായുടെ ചിത്രം, പാട്ടുപുസ്തകം, ബൈബിൾ, കേരളത്തിന്റെ ഭൂപടം, തോമാശ്ലീഹായുടെ ചിത്രം.

# IV. പാഠാവതരണം

പാട്ടുമത്സരത്തിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. ഏതെങ്കിലുമൊരു പ്രാർത്ഥനാഗാനം ഗ്രൂപ്പടിസ്ഥാനത്തിൽ പാടാൻ നിർദ്ദേശിക്കുന്നു. പ്രത്യേക നിർദ്ദേശമൊന്നും നൽകുന്നില്ല. പക്ഷെ പരിശുദ്ധാത്മാവിന്റെ പാട്ട് ഏതെങ്കിലും ഗ്രൂപ്പ് പാടും. അഥവാ പാടിയില്ലെങ്കിൽ ഒരു റൗണ്ടുകൂടി പാടിക്കുന്നു. ശരിയായ പ്രാർത്ഥനാഗാനം പാടുന്ന ഗ്രൂപ്പിന് 2 പോയിന്റു വീതം നൽകാം. പരിശുദ്ധാത്മാവിന്റെ ഗാനമാണെങ്കിൽ ഓരോ പോയിന്റ് കൂടുതൽ നൽകാം. എന്തുകൊണ്ട് പ്രാർത്ഥനാഗാനത്തിന്, പരിശുദ്ധാത്മാവിന്റെ ഗാനം തെരഞ്ഞെടുത്തു എന്ന ചോദ്യത്തിലാരംഭിച്ച് ചർച്ചയിലൂടെ പന്തക്കുസ്തയിലേക്ക് പ്രവേശിക്കാം.

# ഇതര പ്രവർത്തനങ്ങൾ

## a) പള്ളികൾ അടയാളപ്പെടുത്താം

കേരളത്തിന്റെ ഭൂപടത്തിൽ തോമാശ്ലീഹാ സ്ഥാപിച്ച എഴു പള്ളികൾ അടയാളപ്പെടുത്താൻ കുട്ടികൾക്ക് അവസരം നൽകാം. അവയോരോന്നും ഏതേതു ജില്ലകളിലാണെന്നും കണ്ടെത്തണം.

## b) തീനാളം സ്വീകരിക്കാം

ക്ലാസ്സിലെ കുട്ടികളുടെയത്രയും എണ്ണം തീനാളം കടലാസിൽ വെട്ടിയും വരച്ചും ഉണ്ടാക്കുക. അവയിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങളും ദാനങ്ങളും ഓരോന്നെഴുതുക. പ്രാർത്ഥനാപൂർവ്വം ഓരോ തീനാളം ഓരോ കുട്ടിക്കും നൽകുന്നു. കുട്ടികൾ അതേറ്റു വാങ്ങി കിട്ടിയതേതെന്ന് വായിക്കുന്നു.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

## നമുക്കു പ്രവർത്തിക്കാം

ടീച്ചറിന്റെയോ മാതാപിതാക്കളുടെയോ സഹായത്തോടെ ഏഴു പള്ളികളുടെ പേരുകൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ.

## ഉത്തരം കണ്ടെത്താം

1. പേജ് 86 ഖണ്ഡിക 2
2. പേജ് 86 ഖണ്ഡിക 3
3. പേജ് 86 ഖണ്ഡിക 4
4. പേജ് 87 ഖണ്ഡിക 1
5. പേജ് 87 ഖണ്ഡിക 4

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## വിവരണമെഴുതാം

മഹിമയുടെ മൂന്നാമത്തെ ദിവ്യരഹസ്യത്തിന്റെ ചിത്രം കാണിക്കാം. ജപം ചൊല്ലാം. അതിന്റെ വിവരണം ബൈബിൾ നോക്കി എഴുതാൻ അവസരം നൽകാം.

## മാർഗം കളിപ്പാട്ട്

മാർഗംകളിയുടെ നാലാംപാദത്തിൽ മാർത്തോമ്മാശ്ലീഹായെക്കുറിച്ച് പരാമർശമുണ്ട്. അത് ക്ലാസിൽ ചൊല്ലി അവതരിപ്പിക്കാം.

15

# മഹത്വീകൃതനായ ഈശോ

## I. ആമുഖം

സ്വർഗത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന രാജാധിരാജനായ ഈശോയെ ഈ പാഠം അവതരിപ്പിക്കുന്നു. അന്ത്യവിധിയുടെ ചിത്രം വ്യക്തമായി വിവരിക്കുന്ന ഈ പാഠത്തിൽ യഥാർത്ഥ ക്രിസ്ത്യാനി എന്തു ചെയ്യണമെന്ന് വിശദമാക്കുന്നുണ്ട്. സ്വർഗത്തെ ലക്ഷ്യമാക്കി നീങ്ങുന്ന തീർത്ഥാടകസഭയിലെ അംഗങ്ങളായ നാമേവരും ജീവിതലക്ഷ്യം നേടുന്നതിന് എങ്ങനെ പെരുമാറണമെന്ന് കുട്ടികളെ പഠിപ്പിക്കുവാൻ ഈ പാഠം ഉപകരിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ഈശോ മഹത്വീകൃതനായി വീണ്ടും വരും.
- അന്ത്യവിധിക്ക് എല്ലാവരും വിധേയരാകേണ്ടി വരും.
- ആരാധനക്രമവത്സരം ശരിയായി ജീവിക്കുവാൻ സഹായിക്കുന്നു.

### b) മനോഭാവം

- സഹോദരസ്നേഹത്തിലും സേവന ചൈതന്യത്തിലും ജീവിക്കുവാൻ ഞാൻ കടപ്പെട്ടിരിക്കുന്നു.
- മറ്റുള്ളവരെ സഹായിക്കുമ്പോൾ ഈശോയെത്തന്നെയാണ് സഹായിക്കുന്നത്.
- വിശുദ്ധരായ വ്യക്തികൾ നമുക്കെന്നും മാതൃകയാണ്.

### c) ശീലം

- പഠനത്തിലും സമ്പത്തിലും പിന്നിൽ നിൽക്കുന്നവരെ ഞാൻ സഹായിക്കും.
- ത്യാഗപൂർവ്വം ഞാൻ സമ്പാദിക്കുന്ന ചെറിയ തുകകൾ മറ്റുള്ളവർക്ക് നന്മ ചെയ്യാൻ ഉപയോഗിക്കും
- വിശന്നു വരുന്നവർക്ക് കഴിയുമെങ്കിൽ സ്നേഹത്തോടെ ഭക്ഷണം കൊടുക്കാൻ ശ്രമിക്കും.

## III. ബോധനോപാധികൾ

വിശുദ്ധരുടെ ചിത്രങ്ങളടങ്ങിയ ചാർട്ട്, ക്രിസ്തുരാജന്റെ ചിത്രം, അന്ത്യവിധിയുടെ ചിത്രം, ബൈബിൾ

## IV. പാഠാവതരണം

'ഇവരെ തിരിച്ചറിയാമോ?' എന്ന പ്രവർത്തനത്തിലൂടെ പാഠം അവതരിപ്പിക്കാം.

ഏതാനും വിശുദ്ധരുടെ ചിത്രങ്ങൾ അടങ്ങിയ ചാർട്ട്/പേപ്പർ ഓരോ ഗ്രൂപ്പിനും നൽകുന്നു. നിശ്ചിതസമയംകൊണ്ട് വിശുദ്ധരെ തിരിച്ചറിഞ്ഞ് പേരുകൾ എഴുതിവയ്ക്കാൻ നിർദ്ദേശിക്കാം. ഒടുവിൽ അവ പരിശോധിച്ച് കൂടുതൽ എണ്ണം ശരിയാക്കിയ ഗ്രൂപ്പിനെ അഭിനന്ദിക്കാം. വിശുദ്ധരെക്കുറിച്ചുള്ള സംഭാഷണത്തിലൂടെ പാഠത്തിലേയ്ക്കു പ്രവേശിക്കാം.

## ഇതര പ്രവർത്തനങ്ങൾ

### a) ധനവാനും ലാസറും

സുവിശേഷത്തിലെ ധനവാന്റെയും ലാസറിന്റെയും ഉപമ അവതരിപ്പിക്കാം. രണ്ടുപേരുടെയും അന്ത്യവിധിയെക്കുറിച്ച് ചർച്ച നടത്താം. കുട്ടികളുടെ പ്രതികരണം ആരായാം.

### b) പുതിയ ആകാശവും പുതിയ ഭൂമിയും

വെളിപാടുപുസ്തകം 21-ാം അധ്യായം 1 മുതൽ 8 വരെ വാക്യങ്ങൾ ക്ലാസിൽ വായിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. 'പുതിയ ആകാശവും പുതിയ ഭൂമിയും' എന്ന ആശയത്തെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ അവസരം നൽകുന്നു.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

## നമുക്കു പ്രവർത്തിക്കാം

അന്ത്യവിധിയെക്കുറിക്കുന്ന സുവിശേഷഭാഗം ആവർത്തിച്ചുവായിക്കാൻ അവസരം നൽകുന്നു. അതുനോക്കി ചാർട്ടിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കുന്നു. ഒരു വലിയ ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുകയുമാവാം.

## ഉത്തരം കണ്ടെത്താം

1. പേജ് 91 ഖണ്ഡിക 1
2. പേജ് 91 ഖണ്ഡിക 2
3. പേജ് 91 ഖണ്ഡിക 4
4. പേജ് 92 ഖണ്ഡിക 4
5. പേജ് 93 ഖണ്ഡിക 2

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## പാടാം കണ്ടെത്താം

അന്ത്യവിധിയുമായി ബന്ധപ്പെട്ട പാട്ടുകൾ കണ്ടെത്തി ക്ലാസിൽ പാടാൻ അവസരം കൊടുക്കാം.

## കത്തെഴുതാം

ഏറ്റവും ഇഷ്ടപ്പെട്ട ഒരു വിശുദ്ധനോ വിശുദ്ധയ്ക്കോ കത്തെഴുതാൻ അവസരം നൽകാം. അന്ത്യവിധി, സ്വർഗവാസം എന്നിവയെക്കുറിച്ചുള്ള സംശയങ്ങളോ ചോദ്യങ്ങളോ ഉണ്ടെങ്കിൽ അവ കത്തിലെഴുതാം.

## നന്ദിയേകിടാം

നന്ദിയുടെ പാട്ടുകൾ പാടി, നന്ദിയുടെ സ്വയം പ്രേരിത പ്രാർത്ഥനകൾ ചൊല്ലി പാഠം അവസാനിപ്പിക്കാം. എന്തിനെ പ്രതിയെല്ലാമാണ് നന്ദിയർപ്പിക്കേണ്ടതെന്ന് ടീച്ചർ കുട്ടികളോടു പറയണം.